VOL NO: 10 I ISSUE 02

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 JANUARY 10 I ₹10



# കുളിപ്പിച്ചാൽ വെളുക്കുമോ സൂഫിസത്തിന്റെ കറുപ്പ്?

പ്രമാണങ്ങളെ പരിഹസിച്ചും ഭൗതികതയെ പ്രണയിച്ചും ആചാരാനുഷ്ഠാനങ്ങളിൽ പുതുവഴി സ്വീകരിച്ചും വ്യത്യസ്തമായ ആശയധാര പിന്തുടരുന്ന വികല ദർശനമാണ് സൂഫിസം. ഹല്ലാജും ഇബ്നു അറബിയും ചിട്ടപ്പെടുത്തിയ ഭ്രാന്തൻ ആശയങ്ങൾക്ക് പ്രാസ്ഥാനിക അടിത്തറ നൽകിയവരിൽ കേരളത്തിലെ സമസ്തയുമുണ്ട് എന്നത് വിസ്മരിച്ചു കൂടാ.

**ഐഹിക ജീവിതവും വഞ്ചകനായ പിശാചും**

**ബിൻലാദൻ മുതൽ സുറൂരിസം വരെ**

**നമ്മുടെ വിജയത്തിന് നാം തന്നെ അധ്വാനിക്കണം**

**മൂസ സ്വലാഹി കാര ● ഇഅ്ജാസ് ബിൻ ഇസ്മാഈൽ ● ദുൽക്കർഷാൻ**


دار الحكمة
WISDOM HOUSE
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

468
നേർപഥം വാരിക
2026 ജനുവരി 10
1447 റജബ് 21
പുസ്തകം 10 / ലക്കം 02




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി



**10** **കുളിപ്പിച്ചാൽ വെളുക്കുമോ സൂഫിസത്തിന്റെ കറുപ്പ്?**
മൂസ സ്വലാഹി കാര

പ്രമാണങ്ങളെ പരിഹസിച്ചും ഭൗതികതയെ പ്രണയിച്ചും ആചാരാനുഷ്ഠാനങ്ങളിൽ പുതുവഴി സ്വീകരിച്ചും വ്യത്യസ്തമായ ആശയധാര പിന്തുടരുന്ന വികല ദർശനമാണ് സൂഫിസം. ഹല്ലാജും ഇബ്‌നു അറബിയും ചിട്ടപ്പെടുത്തിയ ഭ്രാന്തൻ ആശയങ്ങൾക്ക് പ്രാമാണിക അടിത്തറ നൽകിയവരിൽ കേരളത്തിലെ സമസ്തയുമുണ്ട് എന്നത് വിസ്മരിച്ചുകൂടാ.

**05** മുഖമൊഴി
നമ്മുടെ വിജയത്തിന് നാം തന്നെ അധ്വാനിക്കണം

**06** നമുക്കുചുറ്റും
യഥാർഥ പ്രശ്നക്കാരൻ ആര്?
ദുൽക്കർഷാൻ അലനല്ലൂർ

**09** കാഴ്ച
കടം ഒരു അപകടം
മജീദ് ബസ്താക്ക്

**18** ലേഖനം
ബിൻലാദൻ മുതൽ സുറൂറിസം വരെ
മുഹമ്മദ് അമീൻ

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിവർത്തനം
മനുഷ്യപ്രകൃതിയുടെ തേട്ടം
ഹംദുബിനു ഇബ്റാഹീം ഉസ്മാൻ
വിവ: ഡോ. ഷാജി സ്വലാഹി, എടത്തനാട്ടുകര

**29** കവിത
വേനൽച്ചൂട്
ശാനിദ ബിൻത് അഹ്മദ് ഈങ്ങാപ്പുഴ

**30** വനിതാപഥം
ക്ഷമയിലെ നന്മ
നസീമ വാടാനപ്പള്ളി

**32** ലേഖനം
ഐഹിക ജീവിതവും വഞ്ചകനായ പിശാചും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**34** ചിന്താപഥം
പുതുവർഷത്തിലെ പുതുചിന്തകൾ
മുഹാജിർ സ്വലാഹി, എടക്കര

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വെള്ളാപ്പള്ളിയുടെ പ്രസ്താവന; സർക്കാർ ധവളപത്രമിറക്കണം: വിസ്ഡം ജനറൽ കൗൺസിൽ

കോഴിക്കോട്: ഇസ്‌ലാംമത വിശ്വാസികളെ ലക്ഷ്യമാക്കി വെള്ളാപ്പള്ളി നടേശൻ നടത്തുന്ന വർഗീയ പ്രസ്താവനകൾ ആശങ്കാജനകമാണെന്ന് കോഴിക്കോട്ട് നടന്ന, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ കൗൺസിൽ അഭിപ്രായപ്പെട്ടു.

മുസ്‌ലിം സമുദായം അനർഹമായത് നേടി എന്ന അദ്ദേഹത്തിന്റെ പ്രസ്താവന വസ്തുതാവിരുദ്ധമാണ്. ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ രൂപം നൽകിയ പാലോളി കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചാൽ വെള്ളാപ്പള്ളിയുടെ പ്രസ്താവന അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെടുമെന്നും ജനറൽ കൗൺസിൽ അഭിപ്രായപ്പെട്ടു.

കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസം, ഉദ്യോഗം, സാമ്പത്തികം, സോഷ്യൽ സ്റ്റാറ്റസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച് ജനസംഖ്യാനുപാതികമായി സർക്കാർ ധവളപത്രമിറക്കി ആരോപണങ്ങൾക്ക് അറുതി വരുത്തണമെന്നും ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു.

സാമുദായിക ധ്രുവീകരണം നടത്തി മുതലെടുപ്പിന് ശ്രമിക്കുന്നവർക്കെതിരെ സമൂഹം കടുത്ത ജാഗ്രത പുലർത്തണം. ഇത്തരം പരാമർശങ്ങൾ മതനിരപേക്ഷ സമൂഹത്തിന്റെ തകർച്ചക്ക് ഇടയാക്കുമെന്നത് നാം ഗൗരവമായി കാണണം. വർഗീയ, വിദ്വേഷ പരാമർശങ്ങൾ ഒരു സമൂഹത്തിനും ഗുണകരമല്ല. ഇത്തരം പരാമർശങ്ങൾ നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ നവാസ്, ജില്ലാപഞ്ചായത്ത് അംഗം മിസ്ഹബ് കീഴരിയൂർ എന്നിവർ മുഖ്യാതിഥികളായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്, അബൂബക്കർ സലഫി, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി, സി.പി സലീം, ട്രഷറർ കെ. സജ്ജാദ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് നിഷാദ് സലഫി, ജനറൽ സെക്രട്ടറി ഡോ വി.പി ബഷീർ, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി സ്വഫ്‌വാൻ ബറാമി അൽഹികമി, പ്രസിഡൻറ് ഷമീൽ മഞ്ചേരി, വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി, പ്രൊഫ. ഹാരിസ് ബ്നു സലിം, ഹംസ മദീനി, ശബീബ് സലാഹി, മുഹമ്മദ് സ്വാദിഖ് മദീനി, ഡോ. അബ്ദുല്ല ബാസിൽ എന്നിവർ സംസാരിച്ചു.

## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | **പി.എൻ അബ്ദുല്ലത്വീഫ് മദനി** |
| ജനറൽ സെക്രട്ടറി | : | **ടി.കെ അഷ്റഫ്** |
| ട്രഷറർ | : | **കെ.സജ്ജാദ്** |
| വൈസ് പ്രസിഡന്റുമാർ | : | **കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ** |
| | | **അബൂബക്കർ സലഫി** |
| | | **ഫൈസൽ മൗലവി** |
| | | **ഹാരിസ് ഇബ്നു സലീം** |
| | | **ശരീഫ് എലാങ്കോട്** |
| സെക്രട്ടറിമാർ | : | **നാസിർ ബാലുശ്ശേരി** |
| | | **സി.പി സലീം** |
| | | **അബ്ദുൽ മാലിക് സലഫി** |
| | | **നബീൽ രണ്ടത്താണി** |
| | | **ഡോ.ഷാനവാസ് പറവണ്ണ** |
| | | **അബ്ദുല്ല ഫാസിൽ** |
| | | **സുഹൈൽ പി.യു.** |

# നമ്മുടെ വിജയത്തിന് നാം തന്നെ അധ്വാനിക്കണം

നിന്നെ രക്ഷിക്കുവാൻ
നീ മാത്രമേയുള്ളൂവെന്ന്
ഊണിലും ഉറക്കിലും
നീ, നിന്റെ മനസ്സിനെ
പറഞ്ഞു പഠിപ്പിച്ചാൽ
നിന്നെ തളരാൻ അനുവദിക്കില്ല
നിന്റെ മനസ്സ്.

ഇഹലോക ജീവിതം സുഖവും സന്തോഷവും മാത്രം നിറഞ്ഞതല്ല. ലാഭവും നഷ്ടവും സുഖവും ദുഃഖവും ജയവും പരാജയവും ജീവിതത്തിന്റെ ഭാഗമാണ്. പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മനക്കരുത്തില്ലാത്തവർക്ക് ജീവിതവിജയം കൈവരിക്കാനാവില്ല.

ബന്ധപ്പെടുന്ന എല്ലാ മേഖലകളും വിജയവും നേട്ടവും കൈവരിക്കാൻ നാം ആഗ്രഹിക്കുന്നു. കച്ചവടത്തിലും ജോലിയിലും പഠനത്തിലും കുടുംബ ജീവിതത്തിലും എന്നു വേണ്ട, ഇഹത്തിലും പരത്തിലും നമുക്ക് വിജയമാണ് ലക്ഷ്യം. പരാജയം നാം ഇഷ്ടപ്പെടുന്നേയില്ല. എങ്കിൽ അടിസ്ഥാനപരമായി നമ്മിൽ ഉണ്ടായിരിക്കേണ്ട ഒരു സദ്ഗുണമാണ് മനസ്സിനെ പതറാതെ നിയന്ത്രിച്ചുനിർത്താൻ സാധിക്കുകയെന്നത്.

സർവശക്തൻ നമുക്ക് ഇച്ഛാസ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സന്മാർഗവും ദുർമാർഗവും വ്യക്തമാക്കിത്തന്നിട്ടുണ്ട്. ആത്യന്തിക വിജയത്തിന്റെ മാർഗവും പരാജയത്തിന്റെ മാർഗവും നമുക്ക് തിരഞ്ഞെടുക്കാം. നമ്മെ പരാജയത്തിന്റെ പടുകുഴിയിലേക്ക് ചാടിക്കുക നമ്മുടെ വികല വിശ്വാസങ്ങളും ദുഷ്ചെയ്തികളുമാണ്. വിജയത്തിലേക്ക് നയിക്കുക സത്യവിശ്വാസവും സത്കർമങ്ങളുമാണ്.

ഇഹലോകത്ത് തെറ്റുകുറ്റങ്ങളും അക്രമവും ചെയ്താൽ പിന്തുണ നൽകുവാനും സഹായിക്കുവാനും ആരെങ്കിലുമൊക്കെ ഉണ്ടാകും. എന്നാൽ പരലോകത്ത് നമ്മെ രക്ഷിക്കുവാൻ ആരുമുണ്ടാകില്ല. അവിടെ രക്ഷ ഇഹലോകത്തെ നമ്മുടെ വിശ്വാസത്തിലധിഷ്ഠിതമായ സൽകർമങ്ങൾ മാത്രമെ ഉണ്ടാകൂ.

ഈ ബോധ്യം നമുക്കുണ്ടെങ്കിൽ നമ്മുടെ ജീവിതത്തിൽ അതിന്റെ പ്രതിഫലനമുണ്ടാകും. നമ്മെ രക്ഷിക്കാൻ ഉറ്റവരും ഉടയവരും പാർട്ടിക്കാരുമൊന്നും ഉണ്ടാകില്ല എന്ന ബോധ്യം നമ്മെ രക്ഷിക്കാൻ നാം അധ്വാനിക്കുന്നതിലേക്ക് നമ്മെ നയിക്കും.

സ്വന്തം മനസ്സിനെ നിയന്ത്രിച്ചു നിർത്തുവാൻ സാധിക്കുക എന്നതാണ് ഏറെ പ്രധാനം. അല്ലാഹു പറയുന്നു: "ആര് അതിരുകവിയുകയും ഇഹലോകജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവോ (അവന്ന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം. അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:37-41).

തന്നിഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കൽ അപകടകരമാണ്. മനസ്സിനെ നിയന്ത്രിച്ച് പക്വതയുടെ പാത തിരഞ്ഞെടുത്ത് ജീവിക്കുകയാണ് വിജയമാഗ്രഹിക്കുന്നവർ ചെയ്യേണ്ടത്. തിന്മയിലേക്ക് കുതറിയോടുവാൻ വെമ്പൽ കൊള്ളുന്ന മനസ്സിനെ കടിഞ്ഞാണിട്ട് തടഞ്ഞു നിർത്താനുള്ള ശേഷിയുണ്ടാകണം. അധർമത്തിലേക്ക് നമ്മെ മാടിവിളിക്കുന്ന സാഹചര്യങ്ങളും പ്രേരകങ്ങളുമുണ്ടാവും നമുക്കുചുറ്റും. അവയെ ശക്തമായി പ്രതിരോധിക്കുവാൻ സാധിക്കണം.

ഓരോരുത്തരും അവനവനിലേക്ക് തന്നെ നോക്കുക. നിഷ്പക്ഷമായി സ്വയം വിലയിരുത്തുക. മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ എല്ലാം നമുക്ക് അനുകൂലമായി മാറും. അതിനായി നിരന്തരം പ്രാർഥിക്കുക. ■



# യഥാർഥ പ്രശ്നക്കാരൻ ആര്?

ദുൽക്കർഷാൻ അലനല്ലൂർ
: 94477 45299

'മല്ലയുദ്ധത്തിൽ ജയിക്കുന്നവനല്ല ശക്തൻ; എന്നാൽ കോപം വരുമ്പോൾ പിടിച്ചുവെക്കുന്നവനാണ് ശക്തൻ.'
- നബി (സ്വ)

ജീവിതത്തിൽ പല അവസരങ്ങളിലും നമുക്ക് ദേഷ്യം വരാറുണ്ട്. അത് മനുഷ്യന്റെ പ്രകൃതത്തിൽ പെട്ടതാണ്. ദേഷ്യം വരുന്നതിന് പിന്നിൽ പല കാരണങ്ങളുമുണ്ടായിരിക്കും. പലരുടെയും ദേഷ്യം ശമിക്കാറുള്ളത് മറ്റുള്ളവരുടെയോ സ്വന്തത്തിന്റെ തന്നെയോ നാശത്തിലോ നഷ്ടത്തിലോ തീരാദുഃഖത്തിലോ ഒക്കെയായിരിക്കും.

കോപം വന്നാൽ മിക്കയാളുകളും ചുറ്റുമുള്ളതെല്ലാം മറക്കും. കോപം തീരുന്നതുവരെ വായിൽ വന്നത് പറഞ്ഞും കയ്യിൽ കിട്ടിയത് നശിപ്പിച്ചുംകൊണ്ടേയിരിക്കും. കോപം ശമിച്ച് കഴിഞ്ഞാലോ പറഞ്ഞതിന്റെയും പ്രവർത്തിച്ചതിന്റെയും പേരിൽ

കുറ്റബോധവും ദുഃഖവും അവനെ വേട്ടയാടുകയും ചെയ്യും. ഇവിടെയാണ് 'കോപത്തിന്റെ തുടക്കം ഭ്രാന്തും ഒടുക്കം ദുഃഖവുമായിരിക്കും' എന്ന പ്രവാചക വചനത്തിന്റെ പ്രസക്തി. എത്രമാത്രം സത്യമാണ് പ്രവാചകന്റെ ഈ തിരുമൊഴി!

'മനുഷ്യൻ ദുർബലനായിക്കൊണ്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്' എന്ന് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ (4:28) അറിയിച്ചിട്ടുണ്ട്.

ദുർബലനായ മനുഷ്യൻ സഹിക്കാൻ കഴിയാത്തത് കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ സ്വാഭാവികമായും ദേഷ്യപ്പെടും. ചിലപ്പോൾ അക്രമം കാണിച്ചുകൊണ്ട് പ്രതികരിക്കും. പ്രവാചകൻ(സ്വ) പറഞ്ഞു: 'മല്ലയുദ്ധത്തിൽ ജയിക്കുന്നവനല്ല ശക്തൻ; എന്നാൽ കോപം വരുമ്പോൾ പിടിച്ചുവെക്കുന്നവനാണ് ശക്തൻ.'

ദേഷ്യം വരാനുള്ള സാഹചര്യങ്ങൾ പലതാണ്. കുടുംബവുമായി കഴിയുന്ന ഒരാൾക്ക് തന്റെ ഇഷ്ടങ്ങളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാത്തവളോ തന്നെ അനുസരിക്കാത്തവളോ ആയ ഭാര്യയോട് ദേഷ്യം വരാം. തന്നെ മനസ്സിലാക്കുകയും തന്റെ ആവശ്യങ്ങൾ നിർവഹിച്ച് തരാതിരിക്കുകയും ചെയ്യുന്ന ഭർത്താവിനോട് ഭാര്യക്കും ദേഷ്യം വരാം. മാതാപിതാക്കൾക്ക് അനുസരണക്കേട് കാണിക്കുകയും തെറ്റു ചെയ്യുകയും ചെയ്യുന്ന മക്കളോട് ദേഷ്യം വരാം. സഹോദരങ്ങൾക്ക് പരസ്പരം ഇടപാടുകളോ വാക്ക് തർക്കങ്ങളോ ഉണ്ടാകുമ്പോൾ ദേഷ്യം വരാം. കൂട്ടുകാർക്കിടയിൽ കളി-വിനോദങ്ങൾക്കിടയിൽ ദേഷ്യം വരാം. സമയ ബന്ധിതമായി ജോലി ചെയ്തുതീർക്കാത്തതിന്റെ പേരിൽ മേലുദ്യോഗസ്ഥന് കീഴുദ്യോഗസ്ഥനോട് ദേഷ്യം തോന്നാം. എപ്പോഴും വഴക്കിടുകയും പ്രയാസപ്പെടുത്തുകയും ചെയ്യുന്ന മേലുദ്യോഗസ്ഥനോട് കീഴുദ്യോഗസ്ഥനും ദേഷ്യം തോന്നാം. സ്വന്തം പാർട്ടിയിലെ അനുയായികൾ എതിർപാർട്ടിയെ സപ്പോർട്ട് ചെയ്യുന്നു എന്നു തോന്നിയാൽ പാർട്ടി നേതാവിന് അണികളോട് ദേഷ്യം തോന്നാം. ഇങ്ങനെ വ്യത്യസ്ത കാരണങ്ങൾകൊണ്ട് സമൂഹത്തിലെ നാനാതുറയിലുള്ളവർക്ക് തങ്ങളുമായി ഇടപഴകുന്നവരോട് ദേഷ്യം തോന്നാം.

ദേഷ്യം വരുമ്പോൾ എന്താണ് ഒരു മുസ്‌ലിം ചെയ്യേണ്ടത്? അസഭ്യം പറയലോ ശപിക്കലോ മറ്റുള്ളവരെ അക്രമിക്കലോ സാധന സാമഗ്രികൾ-വിലപിടിപ്പുള്ളതോ അല്ലാത്തതോ ആകട്ടെ-നശിപ്പിക്കലോ ആണോ? ഇതെല്ലാമാണ് ചെയ്യുന്നതെങ്കിൽ ഒടുവിൽ വലിയ ദുഃഖമായിരിക്കും അവനുണ്ടായിരിക്കുക. കാരണം നശിപ്പിച്ചതും ചെയ്തതും പറഞ്ഞതും തിരിച്ചെടുക്കാൻ കഴിയില്ല. 'സോറി' പറഞ്ഞ് തൽക്കാലം രക്ഷപ്പെടാൻ സാധിച്ചേക്കാം. എന്നാൽ അത് മറ്റുള്ളവരുടെ മനസ്സിലുണ്ടാക്കിയ മുറിവ് അത്ര പെട്ടെന്നൊന്നും ഉണങ്ങില്ല.

ഡോ.മുഹമ്മദ് അൽഅരീഫി തന്റെ 'ഇസ്തംതിഅ് ബി ഹയാതിക' എന്ന ഗ്രന്ഥത്തിൽ ഒരു കഥ വിവരിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്:

"ജനങ്ങളോട് ഹൃദ്യമായി പെരുമാറാനറിയാത്ത, വളരെ മോശം സ്വഭാവക്കാരനായിരുന്ന ഒരു മാനേജരുടെ സെക്രട്ടറിയായി ജോലിചെയ്യുകയായിരുന്ന ഒരാൾ. മാനേജർ അയാൾക്ക് സാധിക്കാത്തത്ര ജോലി ഭാരം അടിച്ചേൽപിക്കുമായിരുന്നു. ഒരിക്കൽ മാനേജർ സെക്രട്ടറിയെ വിളിച്ചു. അയാൾ ഹാജരായി.

"ശരി, എന്താണു വേണ്ടത്? പറഞ്ഞാലും!'

"ഞാൻ നിന്റെ ഓഫീസ് നമ്പറിൽ വിളിച്ചു. നീ പ്രതികരിച്ചില്ല"-അയാൾ അട്ടഹസിച്ചു.

"ക്ഷമിക്കണം, ഞാൻ അടുത്ത ഓഫീസിലായിരുന്നു"-സെക്രട്ടറി വിനയത്തോടെ ബോധിപ്പിച്ചു.

"എപ്പോഴും സോറി, സോറി... ഈ

കടലാസ് റിപ്പയർ സെക്ഷനിൽ കൊടുത്ത് വേഗം തിരിച്ചുവാ”- അയാൾ ആജ്ഞാപിച്ചു.

സെക്രട്ടറി അസ്വസ്ഥനായി ആ കടലാസ് റിപ്പയർ വിഭാഗം തലവന് കൊണ്ടുപോയി കൊടുത്തു.

“ഇതുവേഗം ശരിയാക്കണം”-അയാൾ പറഞ്ഞു.

സെക്രട്ടറിയുടെ ശൈലി റിപ്പയർ വിഭാഗം തലവനെ അലോസരപ്പെടുത്തി.

“ശരി, അത് അതിന്റെ ശരിയായ സ്ഥലത്ത് വയ്ക്കുക”-അയാൾ പറഞ്ഞു.

“ശരിയായ സ്ഥാനത്തോ അസ്ഥാനത്തോ വെച്ചാലും വേഗം ശരിയാക്കണം”- സെക്രട്ടറി പ്രതിവചിച്ചു. അവർ രണ്ടുപേരും ഉച്ചത്തിൽ വാഗ്വാദം നടത്തി. സെക്രട്ടറി തന്റെ ഓഫീസിലേക്ക് തിരിച്ചുപോയി.

രണ്ടുമണിക്കൂറിന് ശേഷം, റിപ്പയർ സെക്ഷനിലെ ഒരു കീഴ്ജീവനക്കാരൻ തന്റെ മേധാവിയുടെ അടുത്തെത്തി. തന്റെ കുട്ടികളെ സ്കൂളിൽനിന്ന് എടുത്ത് തിരിച്ചുവരാമെന്ന് പറഞ്ഞു.

“നിങ്ങൾ എന്നും പുറത്തുപോകുന്നു”- അയാൾ ഒച്ചയിട്ടു.

“ഞാനിത് വർഷങ്ങളായി തുടരുന്ന കാര്യമാണ്. നിങ്ങൾ ആദ്യമായാണ് എതിർപ്പ് പ്രകടിപ്പിക്കുന്നത്”- അയാൾ പറഞ്ഞു.

“പറഞ്ഞത് കേട്ടാൽ മതി. ഓഫീസിലേക്ക് പോ”-മേധാവി ഗർജിച്ചു.

മേധാവിയുടെ ശൈലികേട്ട് അമ്പരന്ന് പാവം തന്റെ ഓഫീസിലേക്കുപോയി. മക്കളെ വീട്ടിലെത്തിക്കാൻ ആരെയെങ്കിലും കിട്ടുമോ എന്നന്വേഷിച്ചു. പലർക്കും ഫോൺ ചെയ്യാൻ തുടങ്ങി. പാവം കുട്ടികൾ കുറേ സമയം പുറത്തുനിന്ന് വെയിലു കൊണ്ടു. അവസാനം ഒരു അധ്യാപകൻ അവരെ വീട്ടിലെത്തിച്ചു.

ഈ ജീവനക്കാരൻ രോഷാകുലനായി വീട്ടിൽ തിരിച്ചെത്തി. അദ്ദേഹത്തിന്റെ കൊച്ചുമകൻ ഒരു കളിപ്പാട്ടവുമായി വന്നു. ഇതെനിക്ക് അധ്യാപകൻ സമ്മാനിച്ചതാണെന്ന് പറയാൻ തുനിഞ്ഞപ്പോഴേക്കും ‘ഉമ്മയോടു പോയി പറഞ്ഞോ’ എന്നു പറഞ്ഞു കുട്ടിയെ പിടിച്ചുതള്ളി!

കുട്ടി കരഞ്ഞുകൊണ്ട് ഉമ്മയുടെ അടുത്തേക്ക് പോയി. പതിവുപോലെ തന്റെ കാലിൽ തലോടാനായി സുന്ദരിപ്പൂച്ച അവന്റെ അടുത്തേക്ക് വന്നു. അവൻ കാലുകൊണ്ട് അതിനെ തൊഴിച്ചു. അത് ചുവരിൽചെന്നു പതിച്ചു.

ഇനി ചോദിക്കട്ടെ; പൂച്ചയെ തൊഴിച്ചതാര്?

ഈ കഥയിൽനിന്ന് നമുക്ക് മനസ്സിലാക്കാം; പാവം പൂച്ചയെ തൊഴിക്കാനുള്ള കാരണത്തിന്റെ തുടക്കം ഓഫീസ് മാനേജരിൽ നിന്നാണെന്ന്. അദ്ദേഹം കൊളുത്തിവിട്ടത് കലാശിച്ചത് പാവം പൂച്ചയിലാണ്.  ഇങ്ങനെയാണ് കാര്യങ്ങൾ.

കോപം വരുമ്പോൾ അത് തിരിച്ചറിയാനും സ്വയം നിയന്ത്രിക്കാനും നാം പഠിക്കുകയും ശ്രമിക്കുകയും വേണം. കോപം പിശാചിൽ നിന്നാണെന്നും പിശാച് തീയിൽ നിന്നാണെന്നും അതുകൊണ്ട് നിങ്ങൾ കോപം വരുമ്പോൾ വുദൂഅ് ചെയ്യുക; കാരണം വെള്ളം തീയിനെ അണക്കും എന്നൊക്കെ പ്രവാചക വചനങ്ങളിൽ വന്നിട്ടുണ്ട്. അതുപോലെ തന്നെ കോപിക്കുന്നവൻ നിൽക്കുകയാണെങ്കിൽ ഇരിക്കണമെന്നും ഇരിക്കുകയാണെങ്കിൽ കിടക്കണമെന്നും തിരുമൊഴികളിലുണ്ട്.

കോപം കാരണത്താൽ നാശനഷ്ടങ്ങളുണ്ടാവുകയും ബന്ധങ്ങൾ തകരുകയും ചെയ്യുന്ന അവസ്ഥ നമ്മുടെ ജീവിത്തിൽ ഉണ്ടാകരുത്. സ്വയം നിയന്ത്രിച്ചും കാര്യബോധമുള്ളവരായും ക്ഷമയവലംബിച്ചും പ്രതികരിച്ചുനോക്കൂ; അതിന്റെ പ്രതിഫലനം അത്ഭുതപ്പെടുത്തുന്നതായിരിക്കും.



# കടം ഒരു അപകടം

മജീദ് ബസ്താക്ക്

'നിങ്ങൾ പൊയ്ക്കോളൂ, എല്ലാം സെറ്റ്. നിങ്ങൾ വീട്ടിൽ എത്തുമ്പോഴേക്കും പൈസ അക്കൗണ്ടിൽ എത്തിയിട്ടുണ്ടാകും.' ഇങ്ങനെയുള്ള വർത്തമാനം നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ?

ഒരാൾക്ക് പണം കടം കൊടുത്തശേഷം പറഞ്ഞ അവധി കഴിഞ്ഞ് അത് തിരിച്ചു വാങ്ങാൻ പോയാൽ കേൾക്കുന്ന ഒരു ഡയലോഗാണിത്. കൂടുതലും ഇങ്ങനെ കേൾക്കുക നമുക്ക് നല്ല പരിചയമുള്ളവരിൽ നിന്നായിരിക്കും. ഒരാളുടെ വിഷമ സമയത്ത് അയാളുടെ ആവശ്യം അറിഞ്ഞ് ഒരു സഹായം ചെയ്തതായിരിക്കും. പക്ഷേ, പറഞ്ഞ അവധി കഴിഞ്ഞ് പിന്നീട് പണം വാങ്ങാൻ പോകുമ്പോഴായിരിക്കും ഇത് കേൾക്കുക.

'ഞാനെന്താ നിന്റെ പൈസയെടുത്ത് നാടുവിടുമോ' എന്നായിരിക്കും കൊടുത്ത കാശ് തിരിച്ചു ചോദിക്കുമ്പോൾ ചിലരുടെ പ്രതികരണം. കടം കൊടുത്തയാളെ കടം വാങ്ങിയവനെ പോലെയാക്കുന്ന ഡയലോഗ്!

കടം ഒരു പരീക്ഷണമാണ്. വീട്ടാതിരുന്നാൽ പരലോകത്ത് ശിക്ഷ കിട്ടുന്ന ഒരു പ്രവൃത്തിയാണത്. ശഹീദിന് കടമൊഴികെ മറ്റുള്ളതെല്ലാം അല്ലാഹു പൊറുത്തുകൊടുക്കും എന്നാണ് നബിവചനം. കടത്തിന്റെ ഗൗരവം ഇതിൽനിന്നും മനസ്സിലാക്കാം.

ഒരിക്കൽ ഒരു സ്വഹാബി മരണപ്പെട്ടപ്പോൾ മയ്യിത്ത് നമസ്കാരത്തിന് ഇമാം നിൽക്കാൻ വേണ്ടി നബി(സ്വ)യെ സമീപിച്ചപ്പോൾ ആദ്യം ചോദിച്ചത് 'അദ്ദേഹത്തിന് കടമുണ്ടോ' എന്നാണ്. ഉണ്ടെന്ന് മറുപടി വന്നപ്പോൾ അവിടുന്ന് മാറി നിന്നു. ഒരു സ്വഹാബി ആ കടം ഏറ്റെടുത്തപ്പോഴാണ് മയ്യിത്ത് നമസ്കരിച്ചത്. ഖുർആനിലെ ഏറ്റവും വലിയ ആയത്ത് (2:282) കടവുമായി ബന്ധപ്പെട്ടതാണ്.

മറ്റുള്ളവർക്ക് ഉപകാരം ചെയ്തു ശത്രുവാകുന്ന പരിപാടിയുണ്ടെങ്കിൽ അതിലൊന്ന് കടം കൊടുക്കലായിരിക്കും. ചില കച്ചവടക്കാർ സാധനം മൊത്തക്കച്ചവടക്കാരിൽനിന്നും കടമായിട്ടാണ് വാങ്ങുക. പണം വാങ്ങാൻ ചെല്ലുമ്പോൾ കൈയിൽ കാശില്ല, ജി പേ ചെയ്യാമെന്നു പറയും. എങ്കിൽ അയക്കൂ എന്നു പറഞ്ഞാൽ അയക്കാൻ ശ്രമിക്കുന്നതായി അഭിനയിക്കും. എന്നിട്ട് സർവർ പ്രശ്നമാണ്, അയക്കാൻ പറ്റുന്നില്ല എന്ന് പറയും.

കടം വാങ്ങി നരകാവകാശിയായി മാറുന്നത് സൂക്ഷിക്കണം. സമയത്ത് തിരിച്ചുകൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ കളവ് പറയേണ്ടിവരും. വാക്ക് പാലിക്കാൻ കഴിയാത്ത അവസ്ഥ വരും. ചിലർ തിരിച്ചു കൊടുക്കില്ല എന്നു തീരുമാനിച്ചാകും കടം വാങ്ങുന്നതു തന്നെ. പറഞ്ഞ സമയത്ത് തിരിച്ചുതരാൻ കഴിയാത്തവർക്ക് സമയം നീട്ടിക്കൊടുക്കുകയോ ഇളവു നൽകുകയോ ചെയ്യൽ പുണ്യപ്രവൃത്തിയാണെന്ന് കടം കൊടുത്തവർ മനസ്സിലാക്കുക.

അനിവാര്യമെങ്കിൽ മാത്രം കടം വാങ്ങുക. ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുക. തിരിച്ചു കൊടുക്കുന്നതിൽ അമാന്തം കാണിക്കാതിരിക്കുക. കൈയിൽ കാശുണ്ടെങ്കിലും കൊടുക്കാൻ മടിച്ച് നീട്ടിക്കൊണ്ടു പോകരുത്. ■

**പ്രമാണങ്ങളെ പരിഹസിച്ചും ഭൗതികതയെ പ്രണയിച്ചും ആചാരാനുഷ്ഠാനങ്ങളിൽ പുതുവഴി സ്വീകരിച്ചും വ്യത്യസ്തമായ ആശയധാര പിന്തുടരുന്ന വികല ദർശനമാണ് സൂഫിസം. ഹല്ലാജും ഇബ്നു അറബിയും ചിട്ടപ്പെടുത്തിയ ഭ്രാന്തൻ ആശയങ്ങൾക്ക് പ്രാസ്ഥാനിക അടിത്തറ നൽകിയവരിൽ കേരളത്തിലെ സമസ്തയുമുണ്ട് എന്നത് വിസ്മരിച്ചുകൂടാ..!**



# കുളിപ്പിച്ചാൽ വെളുക്കുമോ സൂഫിസത്തിന്റെ കറുപ്പ്?

മൂസ സ്വലാഹി കാര
: 97473 45768

മതത്തിന്റെ ആദർശം മാറ്റിമറിച്ചും പ്രമാണങ്ങളിലില്ലാത്ത ആചാരങ്ങൾ കെട്ടിപ്പടുത്തും കുമിഞ്ഞു കൂടി വന്ന ഇരുളടഞ്ഞൊരു ആശയ സംഹിതയാണ് സൂഫിസം. ശരീഅത്ത്, ത്വരീക്വത്ത്, ഹക്വീക്വത്ത്, മഅ്രിഫത്ത് തുടങ്ങിയ സാങ്കേതികപദങ്ങൾ കോർത്തിണക്കി ഇസ്‌ലാമിന് തികച്ചും അന്യമായ, പുതിയൊരു തൗഹീദുമായി മുന്നോട്ടു പോകുന്ന സൂഫിസം ഭ്രാന്തൻ കഥകളുടെ കലവറ കൂടിയാണ്.

നബി(സ്വ)യുടെയോ ഉത്തമ തലമുറയിൽ പെട്ടവരുടെയോ കാലത്ത് ഇത്തരമൊരു ചിന്താഗതിക്ക് മുളപൊട്ടിയതായോ, അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരിൽ ആരെങ്കിലും ഇതിനെ അംഗീകരിച്ചതായോ യാതൊരു തെളിവുമില്ല. പൂർണമായും ശിയായിസത്തിന്റെ മാതൃത്വത്തിൽ വളർന്ന സൂഫികൾ വിശ്വാസികളുടെ ഗുണമായി പഠിപ്പിച്ച ഭൗതിക വിരക്തിയുടെയും ദരിദ്രരായി നബി(സ്വ)യുടെ പള്ളിയിൽ കഴിഞ്ഞിരുന്ന സ്വഹാബികളുടെയും പേരിലാണ് ലോകത്ത് പേരെടുക്കാൻ

ശ്രമിച്ചത്.

നബി(സ്വ)യെയും അനുചരന്മാരെയും കൂട്ടുപിടിച്ചല്ലാതെ ഏത് വ്യതിയാന വിഭാഗത്തിനും അവരുടെ നിർമിത ആശയങ്ങളിലേക്ക് സമൂഹത്തെ വല വീശിപ്പിടിക്കാൻ കഴിയില്ല. ആദ്യ നൂറ്റാണ്ടിൽനിന്നുള്ള വിശ്വാസങ്ങളാണ് ഞങ്ങളുടേതെന്ന് ഓരോന്നിന്റെയും വക്താക്കൾ പ്രഖ്യാപിക്കും. സൂഫികളും അതിൽ നിന്ന് വിഭിന്നരല്ല. സൂഫിസത്തിൽ സായൂജ്യമടയുന്ന സമസ്തയുടെ മുസ്‌ലിയാക്കന്മാർ എഴുതി പ്രചരിപ്പിച്ചത് കാണുക:

"തസവ്വുഫിന്റെ ആവിർഭാവം പ്രവാചകരിൽ നിന്നു തന്നെ ആയതിനാൽ സർവ സൽസ്വഭാവങ്ങളും പ്രവാചകരിൽ സമ്മേളിച്ചിരുന്നു" (വസന്തം തസവ്വുഫ് പതിപ്പ്, പേജ് 17).

"പക്ഷേ, സ്വഹാബികൾ സൂഫികളായി അറിയപ്പെടാതിരിക്കാൻ കാരണം സ്വഹാബി എന്ന മഹത്ത്വ സ്ഥാനത്തെക്കാൾ വലുതല്ല സൂഫി എന്നതുകൊണ്ടാണ്" (വസന്തം തസവ്വുഫ് പതിപ്പ്, പേജ് 17).

ഉത്കൃഷ്ട സ്വഭാവത്തിന്റെ ഉടമയാണെന്ന് വിശേഷിപ്പിക്കപ്പെട്ട നബി(സ്വ)യുടെ ജീവിതത്തെയും അതിൽ അണുഅളവ് അയവ് വരുത്താതെ പിൻപറ്റിയ സ്വഹാബത്തിന്റെ നിലപാടുകളെയുമാണ് തലതിരിഞ്ഞ സൂഫിസത്തിന്റെ ആലയിൽ കെട്ടാൻ ഇവർ ശ്രമിക്കുന്നത്. വ്യാജ ഔലിയാക്കന്മാരെ സൂഫികൾ കയറ്റിയിരുത്തിയ സ്ഥാനങ്ങളിൽ ഇവരാരെങ്കിലും ഉണ്ടായിരുന്നോ? ഞാൻ അല്ലാഹുവാണെന്നോ അല്ലെങ്കിൽ അവനിലേക്ക് ലയിച്ചവനാണെന്നോ നബി(സ്വ) തന്റെ പ്രത്യേകതയായി പറഞ്ഞിട്ടുണ്ടോ? ഞങ്ങൾ ലോകം നിയന്ത്രിക്കുന്ന അഖ്താബുകൾ ആണെന്നും എപ്പോൾ എവിടെയും ഹാജറാകാൻ ഞങ്ങൾക്ക് സാധിക്കുമെന്നും സ്വഹാബിമാർ ആരെങ്കിലും വ്യംഗ്യമായെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ?



### സൂഫിസമെന്ന 'കറുപ്പ്'; ദർശനവും വസ്തുതയും

പ്രമുഖ സൂഫീ നേതാക്കന്മാരായ ഹല്ലാജും ഇബ്നു അറബിയും നെയ്തുണ്ടാക്കിയ 'അവതാരവാദം' അടിസ്ഥാനമാക്കി പുരോഹിതന്മാർ സൂഫിസത്തെ പരിചയപ്പെടുത്തുന്നത് കാണുക: "മരണത്തോടെ ആത്മാവ് എന്ന മണവാട്ടി അല്ലാഹു എന്ന മണവാളനുമായി സന്ധിക്കുന്നുവെന്നാണ് സൂഫി ദർശനം" (രിസാല, 2004 ഫെബ്രുവരി 27, പേജ് 18).

സൂഫിസം യാഥാർഥ്യമാകുന്നത് എങ്ങനെയാണെന്നും അവർ എഴുതുന്നു: "യഥാർഥ ആത്മീയ സൂഫിവര്യന്മാർ ബാഹ്യമായ വസ്ത്രധാരണത്തിലോ രൂപത്തിലോ നമ്മൾ കാണുന്നത്ര ശ്രദ്ധ പുലർത്തണമെന്നില്ല. കാരണം, അവർക്ക് അതൊന്നുമല്ല ശ്രദ്ധ. അവർക്ക് റബ്ബുമായുള്ള നേർക്കാഴ്ചയും ആത്മീയബന്ധവും നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിലാണ് ശ്രദ്ധയും ലക്ഷ്യവുമെല്ലാം. ശരീഅത്ത് നിയമങ്ങളെ പൂർണമായി ഉൾക്കൊണ്ടുകൊണ്ട്, അതിലൂടെ ഹൃദയത്തെ ശുദ്ധീകരിച്ച് ദൈവവുമായി പൂർണമായി ലയിക്കുന്നതാണ് യഥാർഥ സൂഫിസം" (രിസാല വാരിക, 2025 ജൂലൈ 30, പേജ് 23).

വിശ്വാസത്തിൽ മണ്ണ് വാരിയിട്ട് അടിമയെ ഉടമയിലേക്ക് സംയോജിപ്പിക്കുന്ന ഈ പുരോഹിത സിദ്ധാന്തം അല്ലാഹുവിന്റെ

**സൂഫിസത്തോട് കൂടുതൽ ആകർഷണീയത ഉളവാക്കാനോ അതല്ല, സമസ്ത ആദർശത്തിൽ ഊട്ടപ്പെട്ട, സൂഫിസത്തിൽ മുങ്ങി പിടുത്തം വിട്ട പലരെയും ഭീഷണിപ്പെടുത്താനോ എന്നറിയില്ല; ചില മുസ്‌ലിയാക്കന്മാർ മീശ വിറപ്പിച്ച് രംഗത്തിറങ്ങിയിട്ടുണ്ട്. സൂഫിസത്തെ കൂടുതൽ വിരിയിച്ചെടുക്കുക, അതിന്റെ കറുപ്പിനെ വെളുപ്പിച്ചെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം എന്ന് തോന്നുന്നു. 'സൂഫിയിലെ വ്യാജനും രാജനും,' 'നാട്യക്കാരും തെറ്റിദ്ധരിച്ചവരും പഠിക്കേണ്ടതാണ് തസ്വവ്വുഫ്,' 'സൂഫീ ബോർഡും തസ്വവ്വുഫും തമ്മിലെന്ത്?' എന്നിങ്ങനെയുള്ള തലക്കെട്ടുകളിൽ വന്ന ലേഖനങ്ങൾ കാണുമ്പോൾ 'കള്ള നാണയങ്ങൾക്കിടയിൽ നല്ല നാണയം തിരയുന്നതിൽ എന്ത് ഔചിത്യമാണുള്ളത്' എന്ന് ചോദിക്കാനാണ് തോന്നുന്നത്.**

മഹത്ത്വത്തിനും പരിശുദ്ധിക്കും നിരക്കാത്തതും അഹ്‌ലുസ്സുന്നവൽ ജമാഅയുടെ നിലപാടിന് അന്യമായതുമാണ്. അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടു കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ" (ക്വുർആൻ 12:108).

അല്ലാഹുവിനെ സ്നേഹിക്കുക എന്നതിനെ 'അനുരാഗം,' 'പ്രേമം' എന്നൊക്കെയാക്കി സൂഫികൾ അവതരിപ്പിച്ചതിനും മുസ്‌ലിയാക്കന്മാർ ഹാരമണിയിച്ച് കൊടുത്തിട്ടുണ്ട്. അവർ എഴുതിയത് നോക്കൂ: "ഇലാഹിനോടുള്ള പ്രേമവും അനുരാഗവും ഐഹികതയെ വിസ്മരിപ്പിക്കുകയും ഭൗതികതയും ഈ ലോകവും വ്യർഥ രൂപങ്ങളായി അവർക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. കാണുന്നതെല്ലാം പ്രേമഭാജനമായ ദൈവമായി അവർക്ക് മുന്നിൽ പരിണമിക്കുന്നു. യഥാർഥത്തിൽ അവർ ദർശിക്കുന്നതെല്ലാം അവരുടെ ദൈവത്തെയാണ്. ഈ പ്രപഞ്ച രഹസ്യങ്ങളെ അറിയും തോറും അവർ ഇലാഹിലേക്ക് അടുക്കുകയാണ്" (അൽമുനീർ, സൂഫിസം, പേജ് 37).

'ഞാൻ എന്റെ ഉമ്മയെ പ്രേമിക്കുന്നു' എന്നോ 'പ്രണയിക്കുന്നു' എന്നോ 'എന്റെ ഉമ്മയോട് എനിക്ക് അനുരാഗമുണ്ടെ'ന്നോ ആരെങ്കിലും പറയുമോ? അങ്ങനെ പറയുന്നവനെ ഏതു ഗണത്തിലാണ് സമൂഹം പെടുത്തുക? എങ്കിൽ സ്രഷ്ടാവായ അല്ലാഹുവുമായി ബന്ധപ്പെടുത്തി അങ്ങനെ പറയാമോ?

'കാണുന്നതെല്ലാം പ്രേമഭാജനമായ ദൈവമാണെന്ന്' നബി (സ്വ)യോ അനുചരന്മാരോ കരുതിയിരുന്നോ? ഒരു ആനയെയോ പോത്തിനോയോ കണ്ടാൽ പ്രേമഭാജനമായ ദൈവമാണെന്ന് സൂഫികളും സമസ്തക്കാരും കരുതിയേക്കാം എന്നല്ലേ ഇതിൽനിന്നും മനസ്സിലാകുന്നത്? ഏതായാലും തൗഹീദനുസരിച്ച് ജീവിക്കുന്ന യഥാർഥ മുസ്‌ലിംകൾ ഈ തലതിരിഞ്ഞ ചിന്തയുമായി നടക്കുന്നവരല്ല. അല്ലാഹുവിലേക്ക് അടുക്കേണ്ടത് ഇങ്ങനെയാണെന്നുള്ള ഒരു നിർദേശവും പ്രമാണങ്ങളിൽ എവിടെയുമില്ല. അല്ലാഹുവിന്റെ ഇഷ്ടം സൽകർമ നൈരന്തര്യത്തിലൂടെയാണ്


സൂഫിയിലെ വ്യാജനും രാജ

വെള്ളിപ്രഭാതം

ഖാജാ ഹുദവി അമ്മിനിക്കാട്

വിശ്വാസിക്ക് നേടാൻ കഴിയുക. അല്ലാഹു പറയുന്നു: “ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതനുസരിച്ചുള്ള പദവികളുണ്ട്. അവർക്ക് അവരുടെ കർമങ്ങൾക്ക് ഫലം പൂർത്തിയാക്കികൊടുക്കാനുമാണത്. അവരോട് അനീതി കാണിക്കപ്പെടുകയില്ല” (46:19).

വിശ്വാസത്തിന്റെ വിശുദ്ധിയെ മലീമസമാക്കിയും അതിരുവിട്ട വാദങ്ങളിൽ അഭിരമിച്ചും അവന്റെ ഇഷ്ടം കൊതിക്കുന്നവർ വാസ്തവത്തിൽ അതർഹിക്കുന്നില്ല. ക്വുർആൻ പറയുന്നു: “ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു” (9:108).

**കള്ള നാണയങ്ങൾക്കിടയിൽ നല്ല നാണയമോ?**

സൂഫിസത്തോട് കൂടുതൽ ആകർഷണീയത ഉള വാക്കാനോ അതല്ല, സമസ്ത ആദർശത്തിൽ ഊട്ടപ്പെട്ട, സൂഫിസത്തിൽ മുങ്ങി പിടുത്തം വിട്ട പലരെയും ഭീഷണിപ്പെടുത്താനോ എന്നറിയില്ല; ചില മുസ്‌ലിയാക്കന്മാർ രംഗത്തിറങ്ങിയിട്ടുണ്ട്. സൂഫിസത്തെ കൂടുതൽ വിരിയിച്ചെടുക്കുക, അതിന്റെ കറുപ്പിനെ വെളുപ്പിച്ചെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം എന്ന് തോന്നുന്നു. അവരുടെ പ്രസിദ്ധീകരണങ്ങളായ ‘സുപ്രഭാത’ത്തിലും ‘സുന്നിവോയ്സി’ലും ചില ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ‘സൂഫിയിലെ വ്യാജനും രാജനും,’ ‘നാട്യക്കാരും തെറ്റിദ്ധരിച്ചവരും പഠിക്കേണ്ടതാണ് തസ്വവ്വുഫ്,’ ‘സൂഫീ ബോർഡും തസ്വവ്വുഫും തമ്മിലെ ന്ത്?’എന്നിങ്ങനെയുള്ള തലക്കെട്ടുകളിൽ വന്ന ലേഖനങ്ങൾ കാണുമ്പോൾ ‘കള്ള നാണയങ്ങൾക്കിടയിൽ നല്ല നാണയം തിരയുന്നതിൽ എന്ത് ഔചിത്യമാണുള്ളത്’എന്ന് ചോദിക്കാനാണ് തോന്നുന്നത്. സൂഫിസമെന്ന വിഴുപ്പുഭാണ്ഡത്തെ മതത്തിന്റെ മേൽ കെട്ടിവച്ച് വലിക്കാനാണ് മുസ്‌ലിയാക്കന്മാർ ശ്രമിക്കുന്നത്. അതിന്റെ വ്യക്തമായ തെളിവ് കൂടിയാണിത്.

വീണ്ടും വായിക്കാം: “നുബുവ്വത്തിന്റെ വിളക്കുമാടത്തിൽനിന്ന് പകർന്നുകിട്ടിയ വെട്ടം പരമാവധി മാറ്റുകുറയാതെ തലമുറകളിലേക്ക് പടർത്താൻ ആത്മജ്ഞാനികളായ അല്ലാഹുവിന്റെ ഔലിയാക്കൾ കാലാന്തരങ്ങളിൽ ആവിഷ്കരിച്ചതാണ് തസ്വവ്വുഫും സ്വൂഫീസരണികളും. തിരുനബി(സ്വ)യും സ്വഹാബത്തും ജീവിച്ചു കാണിച്ച, സ്രഷ്ടാവിനോടുള്ള അഗാധമായ അനുരാഗത്തോടൊപ്പം സൃഷ്ടികളിലേക്ക് വ്യാപിക്കുന്ന കാരുണ്യത്തിന്റെ ദർശനമാണ് അവർ മുന്നോട്ടുവെച്ചത്” (സുന്നിവോയ്സ്, 2025 ഡിസംബർ 1-15, പേജ് 14).



ഏതു നുബുവ്വത്തിന്റെ വിളക്കുമാടത്തിൽനിന്നാണ് സൃഷ്ടികൾ അല്ലാഹുവിൽ ലയിച്ചു ചേരുമെന്ന ‘ലയന സിദ്ധാന്തം’ കിട്ടിയതാവോ? നബി(സ്വ)ക്കും സ്വഹാബത്തിനും ഉത്തമ തലമുറയിൽ പെട്ട മറ്റുള്ളവർക്കും മനസ്സിലാകാത്ത കാര്യം വ്യാജ വലിയ്യുകൾക്ക് കിട്ടി എന്നു വിശ്വസിക്കാൻ പ്രമാ ണങ്ങൾക്കൊപ്പം നിൽക്കുന്നവർക്കാവില്ല. ഉത്തമ തലമുറയിൽനിന്ന് സൂഫീസരണിയെ കണ്ടവരും അതിൽ ഇടം പിടിച്ചവരും ആരൊക്കെയായിരിക്കും?

അല്ലാഹുവിന്റെ പ്രകാശം സൂഫികളിൽ അവതരിക്കുമെന്നും അതിനുള്ള പരിശീലനം നടത്തുന്നതിലൂടെ അവർക്കത് സാധിച്ച് കിട്ടുമെന്ന അവരുടെ വഴിപിഴച്ച വാദത്തിന് പുരോഹിതന്മാർ കൈയൊപ്പ് ചാർത്തുന്നത് കാണുക: “അല്ലാഹുവിന്റെ സവിധത്തിലേക്കുള്ള സഞ്ചാരമാരംഭിച്ചവന് സാലിക്, മുറാദ്, ഫഖീർ എന്നൊക്കെയുള്ള സാങ്കേതിക പ്രയോഗങ്ങൾ കാണാം. യാത്രക്കൊടുവിൽ ലക്ഷ്യം പുൽകിയവനാണ് സൂഫി. അവൻ ഇരുലോകത്തും അല്ലാഹുവിനെയല്ലാതെ കാണുന്നില്ല. അതിലുള്ളതിലെയെല്ലാം കീഴ്പ്പെടുത്തിയിരിക്കുന്നു. അവൻ അല്ലാഹുവിനല്ലാതെ മറ്റൊന്നിനും കീഴ്പ്പെട്ടിട്ടുമില്ല” (സുപ്രഭാതം, 2025 നവംബർ 28, വെള്ളി, പേജ് 6).

ത്വരീഖത്തുകൾക്ക് അടിമപ്പെട്ട് ജീവിക്കുന്നവർക്ക് അല്ലാഹുവിന്റെ ഏകത്വത്തെ വെല്ലുവിളിക്കലും അതിനെ കളങ്കപ്പെടുത്തലുമൊന്നും അത്ര ഗൗരവനുള്ള കാര്യമായി തോന്നണമെന്നില്ല. അല്ലാഹു പറയുന്നു: “എന്നാൽ ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്, സിംഹാസനത്തിന്റെ നാഥൻ

അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്ന് എത്രയോ പരിശുദ്ധനത്രെ” (43:82).

സൂഫികളുടെ സിദ്ധാന്തം അതേപടി സമസ്തയുടെ മുസ്‌ലിയാക്കന്മാരും ജനങ്ങളെ പഠിപ്പിക്കുന്നു: “അതുകൊണ്ട് തന്നെ ശരീഅത്ത്, ത്വരീഖത്ത്, ഹഖീഖത്ത് എന്നിവ പരസ്പര വിരുദ്ധങ്ങളായ വഴികളല്ല. ശരീഅത്തിലൂടെ ബാഹ്യം ശുദ്ധീകരിച്ച് വേണം ത്വരീഖത്തിലെത്താൻ. ശരീഅത്തിലൂടെയും ത്വരീഖത്തിലൂടെയുമാണ് ഹഖീഖത്ത് കരഗതമാവുക” (സുന്നിവോയ്സ്, 2025 ഡിസംബർ 1-15, പേജ് 17).

നേർമാർഗമായി അല്ലാഹു പൂർത്തിയാക്കിത്തന്ന ‘സ്വിറാത്തി’ന്റെയും ‘ശരീഅത്തി’ന്റെയും അകമോ പുറമോ അല്ലയിത്. മറിച്ച് അതിൽനിന്നെല്ലാം പാടെ അകറ്റിക്കളയുന്ന വഴിതെറ്റിയ ആശയങ്ങളാണ്.

**കാവി സൂഫികളെ കശക്കാൻ സമസ്തക്ക് കഴിയുമോ?**

സമസ്ത സ്വീകരിച്ച് പോരുന്ന തസ്വവ്വുഫിന്റെ അടിസ്ഥാന വിശ്വാസം ഏതാണോ അതുതന്നെയാണ് കാവിവത്ക്കരിക്കപ്പെട്ട സൂഫി ബോർഡിന്റെ വക്താക്കളും അവരുടെതായി വാദിക്കുന്നത്. ഒരേ ആശയം വ്യത്യസ്ത ആകൃതിയിലുള്ള പാത്രങ്ങളിൽ പാകം ചെയ്ത് വിതരണം ചെയ്യുന്നു എന്ന് മാത്രം. സൂഫിസത്തിന്റെ യഥാർഥ കോലം മറനീക്കി അവർ തുറന്നുകാണിച്ചത് നിനച്ചിരിക്കാതെ മുസ്‌ലിയാക്കന്മാർക്ക് കിട്ടിയൊരു അടിയായിരുന്നു. സമസ്തക്കാർ കൈവശപ്പെടുത്തിവച്ചിരിക്കുന്ന സൂഫിസം വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന സൂഫിസമാണല്ലോ! പിന്നെ എങ്ങനെയാണ് സൂഫീ ബോർഡ് മാത്രം കൊള്ളരുതാത്തതാകുന്നത്?

**സമസ്ത സ്വീകരിച്ച് പോരുന്ന തസ്വവ്വുഫിന്റെ അടിസ്ഥാന വിശ്വാസം ഏതാണോ അതുതന്നെയാണ് കാവിവത്ക്കരിക്കപ്പെട്ട സൂഫി ബോർഡിന്റെ വക്താക്കളും അവരുടെതായി വാദിക്കുന്നത്. ഒരേ ആശയം വ്യത്യസ്ത ആകൃതിയിലുള്ള പാത്രങ്ങളിൽ പാകം ചെയ്ത് വിതരണം ചെയ്യുന്നു എന്ന് മാത്രം. സൂഫിസത്തിന്റെ യഥാർഥ കോലം മറനീക്കി അവർ തുറന്നുകാണിച്ചത് നിനച്ചിരിക്കാതെ മുസ്‌ലിയാക്കന്മാർക്ക് കിട്ടിയൊരു അടിയായിരുന്നു. സമസ്തക്കാർ കൈവശപ്പെടുത്തിവച്ചിരിക്കുന്ന സൂഫിസം വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന സൂഫിസമാണല്ലോ! പിന്നെ എങ്ങനെയാണ് സൂഫീ ബോർഡ് മാത്രം കൊള്ളരുതാത്തതാകുന്നത്?**

മുസ്‌ലിയാർ എഴുതുന്നു: “സൂഫികളുടെ വഴിയിൽ നിന്ന് ബഹുദൂരം അകന്ന് സൂഫീ ബോർഡുകളുണ്ടാക്കി മതനിരാസത്തെ പ്രമോട്ട് ചെയ്യുന്ന വികല സംഘങ്ങളെ കരുതിയിരിക്കണം” (സുന്നിവോയ്സ്, 2025 ഡിസംബർ 16-31, പേജ് 30).

കാവി സൂഫികൾ പ്രഖ്യാപിച്ചു എന്ന് പറഞ്ഞ് ഉയർത്തിക്കാണിക്കുന്ന അതേ ആശയം സമസ്ത പലവട്ടം സ്ഥിരീകരിച്ചിട്ടുണ്ട്. നൂറാം വാർഷിക പ്രചരണാർഥം പ്രസിദ്ധീകരിച്ച ‘കേരളം: സ്വത്വം, സംസ്കാരം, സൗഹാർദം’ എന്ന പുസ്തകം സമസ്തയുടെ കീഴിലുള്ള ജാറം ബന്ധിപ്പിച്ച പള്ളികളിലെയും മറ്റു ചൂഷണ കേന്ദ്രങ്ങളിലെയും മതമൈത്രി-സൗഹൃദ തട്ടിപ്പുകൾ വ്യാപിപ്പിക്കുവാൻ വേണ്ടി തന്നെയല്ലേ? നാദാപുരം പള്ളി, മാടായിപ്പള്ളി, മഖ്ദൂമുമാർ, മമ്പുറം, പൊന്നാനി വലിയ ജാറം, ചേരമാൻ മസ്ജിദ്, പെരുമ്പടപ്പ് എല്ലാം അതിൽ ചേർത്തിട്ടുണ്ട്. സൂഫീ ബോർഡ് അംഗങ്ങൾ അവരുടെ സംസാരത്തിൽ പ്രത്യേകം എടുത്തുപറഞ്ഞതാണ് മഅ്‌രിഫത്ത് (ആന്തരികജ്ഞാനം, പരമാത്മജ്ഞാനം). ഇതേ വീക്ഷണത്തിലല്ലേ വിമർശകരുമുള്ളത്?

“മറ്റൊന്ന് ലക്ഷ്യത്തിലുള്ള നിശ്ചയദാർഢ്യമാണ് (ഹിമ്മത്ത്). അവന്റെ ലക്ഷ്യം ദുനിയാവിനെയോ ആഖിറത്തിനെയോ തേടുന്നതാവരുത്. തീർത്തും ഉദ്ദേശം അവന്റെ യജമാനന്റെ മഅ്‌രിഫത്ത് മാത്രമായിരിക്കണം. അതുപോലെ ലക്ഷ്യത്തിലെത്തുന്നതു വരെ ഈ യാത്ര തുടരുമെന്ന് അചഞ്ചല

മായ ഉറപ്പും നിബന്ധനയാണ്'' (സുപ്രഭാതം, 2025 നവംബർ 28, പേജ് 6).

**കറുപ്പിനെ വെളുപ്പിക്കാൻ പ്രമാണങ്ങളോടും ക്രൂരത!**

ജിബ്‌രീൽ(അ) മനുഷ്യരൂപത്തിൽ നബി(സ്വ)യുടെ സദസ്സിൽ വന്ന് ചോദ്യത്തിലൂടെ സ്വഹാബത്തിന് മതം പഠിപ്പിച്ച് കൊടുത്ത സംഭവത്തെ സൂഫിസത്തിന് മുസ്‌ലിയാർ തെളിവാക്കുന്നത് കാണുക: "ബുഖാരി, മുസ്‌ലിം രേഖപ്പെടുത്തിയ ഉമർ(റ) റിപ്പോർട്ട് ചെയ്ത, ജിബ്‌രീൽ വന്ന ഹദീസിന്റെ ആകെത്തുക ദീൻ എന്നാൽ ഇസ്‌ലാം-ഈമാൻ-ഇഹ്സാൻ എന്നതിന്റെ സംയോജനമാണെന്ന് മനസിലാക്കാം. അതിന്റെ മറ്റൊരു പ്രയോഗമാണ് ശരീഅത്ത്, ത്വരീഖത്ത്, ഹഖീഖത്ത്'' (സുപ്രഭാതം, 2025 നവംബർ 28, പേജ് 6).

ലോകത്ത് സൂഫികളും സമസ്തക്കാരും മാത്രമാണോ ഈ ഹദീസ് ആദ്യമായി കണ്ടവരും അതിനെ വിശദീകരിച്ചവരും? അഹ്‌ലുസ്സുന്നയുടെ നിരവധി പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ഇത് ഉൾപ്പെടുത്തുകയും കൃത്യമായി വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. ഇമാം ബുഖാരി(റഹി)യും ഇമാം മുസ്‌ലിമും(റഹി) അവരിൽ പ്രധാനികളാണ്. ലയനസിദ്ധാന്തത്തെ ചുട്ടെടുക്കാനുള്ള ചേരുവകളായി അവരാരും ഇതിനെ ഉപയോഗിച്ചിട്ടില്ല.


ആത്മീയം | ■ അബൂബക്കർ അഹ്സനി പറപ്പൂർ

തസ്വവ്വുഫ് - 2

# സ്വൂഫീ ബോർഡും തസ്വവ്വുഫും തമ്മിലെന്ത്?

തസ്വവ്വുഫുമായി ഒരു ബന്ധവുമില്ലാത്തവരാണ് തസ്വവ്വുഫിന് അന്യമായ പല കാര്യങ്ങളും കൂട്ടിച്ചേർത്തത്. അവകളിൽ നിന്ന് ദീനിന്റെ അടിസ്ഥാന ആദർശങ്ങൾക്കു തന്നെ വിരുദ്ധമായ നാല് കാര്യങ്ങൾ ഇമാം സുയൂത്വി(റ) വിവരിക്കുന്നുണ്ട്: 1. അൽഹുലൂലു വൽ ഇത്തിഹാദ് (അദ്വൈതവാദം, സ്രഷ്ടാവ്-സൃഷ്ടികൾ എന്ന വേർതിരിവില്ലാണ് അവരുടെ പക്ഷം). ഒരു യഥാർഥ സ്വൂഫി ഇങ്ങനെ പറയില്ല. അദ്വൈതവാദവുമായി ബന്ധപ്പെട്ട് പല നവീന ആശയക്കാരും ഇബ്നുൽ അറബി(റ)യെ ആക്ഷേപിക്കാറുണ്ട്. സുയൂത്വി(റ) അതിനെ എതിർത്ത് മറുപടി നൽകുന്നുണ്ട് (തഅ്‌യീദുൽ ഹഖീഖത്തിൽ അലിയ്യ പേ. 57, 71, 75 നോക്കുക). ശരീഅത്തിന്റെ ബാഹ്യരൂപത്തിൽ നിന്ന് യാതൊരു വിധത്തിലുള്ള വ്യതിചലനവും ഇല്ലാതിരിക്കുക എന്നത് പൂർണത നേടിയ വ്യക്തിയുടെ (അൽകാമിൽ) നിബന്ധനകളിൽ ഒന്നാണെന്ന് ഇബ്നുൽ അറബി(റ) ഫുതൂഹാത്തുൽ മക്കിയ്യയിൽ ഉദ്ധരിക്കുന്നുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ കിതാബുകളിൽ, പ്രത്യേകിച്ച് ഫുതൂഹാത്തുൽ മക്കിയ്യ ... അതിനെതിരായി കാണുന്നത് ... കടത്തിക്കൂട്ടിയതായി ... ശഅ്റാനി(റ)

വിശ്വാസത്തെയും അതിൽ വ്യതിചലിച്ചവരെയും സംബന്ധിച്ചുള്ള ചർച്ചയിൽ കൂടുതലായും കൊടുത്തിട്ടുള്ള ഈ ഹദീസ് ഒരു വിശ്വാസിയുടെ പ്രവർത്തനങ്ങളുടെ ബാഹ്യവും ആന്തരികവുമായ അവസ്ഥ എന്തായിരിക്കണമെന്നും അയാളുടെ മനഃസാനിധ്യം എപ്രകാരമാകണമെന്നും മനസ്സിലാക്കിത്തരുന്നതാണ്. ഇസ്‌ലാമിക ശരീഅത്തിന്റെ പൊരുൾ എന്തെന്ന് പകർന്ന് നൽകുന്ന ഇത് സത്യത്തിൽ സൂഫിസത്തിന്റെ അസ്തിത്വത്തെതന്നെ അറുക്കുന്ന ഹദീസ് കൂടിയാണ്.

മുസ്‌ലിയാരുടെ മറ്റൊരു പൊയ്‌വാദം വായിക്കാം: "അല്ലാഹുവിലേക്ക് ചേരാനുള്ള എല്ലാ ശൈഖുമാരുടെയും വഴികൾ അടിസ്ഥാനപരമായി ഖുർആനിനോടും ഹദീസിനോടും ബന്ധിക്കപ്പെട്ടിരിക്കുന്നു'' (സുന്നിവോയ്സ്, 2025 ഡിസംബർ 16-31, പേജ് 36).

എത്ര വലിയ മണ്ടത്തരമാണിത്! അല്ലാഹുവിന്റെ ഏകത്വം ഖണ്ഡിതമായി പഠിപ്പിച്ച പ്രമാണങ്ങൾ സൃഷ്ടികൾ അവനിലേക്ക് ചേർന്ന് പങ്കാളികളെ ഉണ്ടാക്കുന്ന ഏറ്റവും വലിയ അക്രമമാകുന്ന ആശയം പ്രചരിപ്പിക്കുകയോ? എന്തിനുമേതിനും വ്യാജതെളിവുണ്ടാക്കാനുള്ള ഇവരുടെ സാമർഥ്യം സമ്മതിച്ചു കൊടുക്കേണ്ടതുതന്നെയാണ്!

ജൂത വിഭാഗങ്ങളെ ആക്ഷേപിച്ചുകൊണ്ട് അല്ലാഹു പറഞ്ഞതാണ് ഇവരെ ഓർമപ്പെടുത്താനുള്ളത്: "എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽനിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാ

**മുസ്‌ലിയാക്കന്മാർ കൂട്ടമായും അല്ലാതെയും പരിധി വിട്ട സൂഫീ പാട്ടുകൾക്ക് ഇപ്പോഴും വേദിയൊരുക്കി ക്കൊണ്ടിരിക്കുന്നുണ്ട്. കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കി വ്യാജ ഔലിയാക്കളെ അണികൾ കേൾക്കെ വാഴ്ത്തിപ്പറയു ന്നതും പുരോഹിതന്മാർ തന്നെയാണ്. സമസ്ത മുശാവറക്ക് നേരെ വിമർശനമുയ രുമ്പോൾ ആരെയെങ്കിലും ചൂണ്ടിക്കാട്ടി കണ്ണീർ പൊഴിക്കുന്നതിന് പകരം മുഴുവൻ മുസ്‌ലിയാക്കന്മാരും ഒരു പുനർ വിചിന്തനത്തിന് ഒരുങ്ങുകയാണ് വേണ്ടത്.**

കുന്നു നാശം. അത് മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കര സ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരു ടെ കൈകൾ എഴുതിയ വകയി ലും അവർ സമ്പാദിക്കുന്ന വക യിലും അവർക്ക് നാശം" (2:79).

**സൂഫീ ആഭാസങ്ങൾ കണ്ട് കരയുന്നുവോ?**

മുസ്‌ലിയാർ എഴുതുന്നു: 'തസ്വവ്വുഫ്, സൂഫിസം, ത്വരീ ഖത്ത് എന്നിവയിലെ പൊതു മുസ്‌ലിമിന്റെ അൽപജ്ഞാനം ചൂഷണം ചെയ്ത് പി. ആർ വർ ക്കും ബി.ജി.എം റീൽസുമാ യി ശൈഖ് ചമയുന്ന ഉള്ളതും ഇല്ലാത്തതുമായ കറാമത്ത് കഥകൊണ്ട് സൂഫീ കോട്ടകെ ട്ടുന്ന സൂഫിയുടെ കട്ടെടുത്ത പാട്ടുകൊണ്ട് മതകലാലയങ്ങ ളിൽവരെ സൂഫിസം വിളമ്പു ന്ന ശത്രുവിന്റെ അച്ചാരം പറ്റി സൂഫിസത്തിന്റെ പേരിൽ സർവ മത സത്യവാദം പ്രചരിപ്പിക്കുന്ന വ്യാജരുടെ വർത്തമാന വിഹാ രത്തിൽ സത്യം തിരിച്ചറിയാനു ള്ള സർവ കൂട്ടുകളും ഈ ചരി ത്രത്തിലുണ്ട്" (സുപ്രഭാതം, 2025 നവംബർ 28, പേജ് 6).

അറിവുള്ളവരായി നടിച്ച് സമൂഹത്തിന്റെ ആത്മീയതയെ വാണിഭ വിഭവമാക്കിയർക്ക് ഇങ്ങനെയെക്കെ പരിഭവിക്കാൻ സാധിക്കുമോ? സർവ ആശയ ങ്ങളും ശരിയാണെന്ന സൂഫീ സങ്കൽപം സമുദായത്തിൽ പെ ട്ടവരെ സ്വാധീനിക്കാൻ ഹേതു വായത് സമസ്ത പ്രശംസിച്ച പിഴ ച്ച ത്വരീഖത്തുകൾ തന്നെയല്ലേ? ഒരു നൂറ്റാണ്ട് കാലമായി ഇത്തരം ആശയങ്ങളിലേക്ക് നയിക്കുന്ന മാലപ്പാട്ടുകൾ, കുപ്പിപ്പാട്ടുകൾ, തട്ടിപ്പു സ്വപ്ന കഥകൾ... എല്ലാം ഇവിടെ വിറ്റ് വിതരണം നടത്തി യതും ഇവർ തന്നെയല്ലെ? ഏറ്റവും പഴക്കമുള്ളതെ ന്ന് കൊട്ടിഘോഷിക്കുന്ന മുഹ്‌യിദ്ദീൻ മാല പെരുത്ത അന്ധവിശ്വാസങ്ങൾ കോർത്തുണ്ടാക്കിയ മാലയാ ണല്ലോ! സമസ്തക്കാർ എത്ര പവിത്രമായിട്ടാണ് ഇന്നും അതിനെ കാണുന്നത്. അല്ലാഹുവിന്റെ മാത്രമായ വിശേഷണങ്ങളെ മാലയിലെ ഓരോ വരി യിലൂടെയും ശൈഖിൽ ചാർത്തുന്നു. ശിർക്ക് കലർന്ന വരികൾ സമു ദായത്തെക്കൊണ്ട് ചൊ ല്ലിക്കുകയും ചെ യ്യുന്നു.


കാലികം | അബൂബക്കർ അഹ്സനി പറപ്പൂർ

നാട്യക്കാരും തെറ്റിദ്ധരിച്ചവരും പഠിക്കേണ്ടതാണ് തസ്വവ്വുഫ്

ശൈഖിന്റെ പേരിൽ എഴുതിവച്ച ചില വരികൾ കാണുക:

*'ഇരുന്നെ ഇരുപ്പിന്നേൾ ആകാശം കണ്ടോവർ, ഏറ്റം മലക്കൂത്തിൽ രാജാളിയെന്നോവർ.'*

*(ശൈഖ് അവർകൾ ഇരുന്ന ഇരുപ്പിൽ ഏഴ് ആകാശവും കണ്ടു. അദ്ദേഹം അദൃശ്യലോകത്ത് ഉയരത്തിൽ പറക്കുന്ന രാജകിളിയാണ്).*

*'ബലത്ത് ശരീഅത്തെന്നും കടലുള്ളോവർ, ഇടത്ത് ഹഖീഖത്തെന്നും കടലുള്ളോവർ.'*

*(ശൈഖ് അവർകളുടെ വലത്ത് ശരീഅത്തെന്ന കടലും ഇടത്ത് ഹഖീഖത്തെന്ന കടലുമുണ്ട്).*

*'ആകാശത്തിൻമേലും ഭൂമിക്ക് താഴെയും അവരെ കൊടിനീളം അത്തിരെയുള്ളോവർ.'*

*(ആകാശത്തും ഭൂമിയിലും ശൈഖ് അവർകൾക്ക് ഒരു പോലെ സ്ഥാനമുണ്ട്).*

*'ഞാൻ എല്ലാ സിർറിന്നും സിർറെന്ന് ചൊന്നോവർ, ഞാൻ അല്ലാതന്നൂടെ അംറെന്ന് ചൊന്നോവർ.'*

*(ഞാൻ എല്ലാ രഹസ്യത്തിലും രഹസ്യമാണെന്നും ഞാൻ അല്ലാഹുവിന്റെ അംറാണെന്നും ശൈഖവർകൾ പറഞ്ഞു).*

*സമസ്തക്കാർ എത്ര പവിത്രമായിട്ടാണ് ഇന്നും ഇതിനെ കാണുന്നത്. ഖുതുബിയ്യത്തിലും പുതിയ മുഹ്യിദ്ദീൻ മാലയും വേണ്ടുവോളം വേറെയുമുണ്ട്.*

**'പ്രശംസ' എന്ന പേരിൽ എന്തും എഴുതിവിടാമെന്നോ?**

ഖുർആൻ ഉണർത്തുന്നത് കാണുക: "അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുന്നവരുടെ വിചാരം ഉയിർത്തെഴുന്നേൽപിന്റെ നാളിൽ എന്തായിരിക്കും? തീർച്ചയായും അല്ലാഹു ജനങ്ങളോട് ഔദാര്യം കാണിക്കുന്നവനാകുന്നു. പക്ഷേ, അവരിൽ അധികപേരും നന്ദി കാണിക്കുന്നില്ല" (10:60).

> **"മരണത്തോടെ ആത്മാവ് എന്ന മണവാട്ടി അല്ലാഹു എന്ന മണവാളനുമായി സന്ധിക്കുന്നുവെന്നാണ് സൂഫിദർശനം"**
> **(രിസാല 2004 ഫെബ്രുവരി 27, പേജ് 18)**

മുസ്‌ലിയാക്കന്മാർ കൂട്ടമായും അല്ലാതെയും പരിധി വിട്ട സൂഫീ പാട്ടുകൾക്ക് ഇപ്പോഴും വേദിയൊരുക്കിക്കൊണ്ടിരിക്കുന്നുണ്ട്. കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കി വ്യാജ ഔലിയാക്കളെ അണികൾ കേൾക്കെ വാഴ്ത്തിപ്പറയുന്നതും പുരോഹിതന്മാർ തന്നെയാണ്. സമസ്ത മുശാവറക്ക് നേരെ വിമർശനമുയരുമ്പോൾ ആരെയെങ്കിലും ചൂണ്ടിക്കാട്ടി കണ്ണീർ പൊഴിക്കുന്നതിന് പകരം മുഴുവൻ മുസ്‌ലിയാക്കന്മാരും ഒരു പുനർ വിചിന്തനത്തിന് ഒരുങ്ങുകയാണ് വേണ്ടത്.

അല്ലാഹു പറയുന്നു: "വിശ്വാസത്തിന് ശേഷം അവിശ്വാസം സ്വീകരിച്ച ഒരു ജനതയെ അല്ലാഹു എങ്ങനെ നേർവഴിയിലാക്കും? അവരാകട്ടെ (അല്ലാഹുവിന്റെ) ദൂതൻ സത്യവാനാണെന്ന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവർക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയിട്ടുമുണ്ട്. അക്രമികളായ ആ ജനവിഭാഗത്തെ അല്ലാഹു നേർവഴിയിലാക്കുന്നതല്ല" (3:86).

ഇബ്നു കസീർ(റഹി) പറഞ്ഞു: "റസൂൽ(സ) അവർക്ക് കൊണ്ടുവന്നതിന്റെ സത്യസന്ധതക്കുള്ള തെളിവുകൾ നിലനിൽക്കുകയും കാര്യം അവർക്ക് വ്യക്തമാവുകയും ചെയ്തതിന് ശേഷം അവർ ശിർക്കിലേക്കും അന്ധകാരത്തിലേക്കും തിരിച്ചുപോയി. അന്ധകാരത്തിൽ കൂടിക്കലർന്നവർക്ക് സന്മാർഗത്തിന് എങ്ങനെ അർഹത കിട്ടാനാണ്?" ■





ഇഖ്‌വാനുൽ മുസ്‌ലിമൂൻ:
മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം

5

# ബിൻലാദൻ മുതൽ സുറൂറിസം വരെ

## മുഹമ്മദ് അമീൻ

ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നത് ഒരൊറ്റ രൂപമുള്ള സംഘടനയല്ല. ശൈഖ് ഹമദ് അൽ അതീഖ്  ഇതിനെ ഉപമിക്കുന്നത് ‘പകിട’യോടാണ്. പകിടയ്ക്ക് ആറ് വശങ്ങളുണ്ട്; ഒരിടത്ത് ഒന്ന്, ഒരിടത്ത് രണ്ട്, മറ്റൊരിടത്ത് ആറ് എന്നിങ്ങനെ അക്കങ്ങൾ എഴുതിയത്. സംഖ്യകൾ മാറുമ്പോഴും പകിട എന്ന വസ്തു ഒന്നുതന്നെയാണ്. ഇതുപോലെയാണ് ഇഖ്‌വാനികളും. ഒരിടത്ത് അവർ സൗമ്യരായ ‘ബന്നാവിയ്യുകൾ’ ആയിരിക്കും. മറ്റൊരിടത്ത് തീവ്രവാദക്കാരായ ‘ഖുതുബിയ്യുകൾ’ ആയിരിക്കും. സൗദി അറേബ്യ പോലുള്ള തൗഹീദിന്റെ മണ്ണിൽ അവർ ‘സുറൂറികൾ’ എന്ന സലഫി വേഷം കെട്ടിയ രൂപത്തിലായിരിക്കും. എന്നാൽ ഇവരുടെയെല്ലാം ഉള്ളിലെ വിഷവും ആദർശവും ഒന്നുതന്നെയാണ്.

**ഇഖ്‌വാനുൽ മുസ്‌ലിമൂനും ആഗോള ഭീകരവാദവും തമ്മിലുള്ള ബന്ധം നിഷേധിക്കാനാവാത്ത വിധം വ്യക്തമാണ്. അൽഖാഇദയുടെ തലവനായിരുന്ന ഉസാമ ബിൻ ലാദനും അയാളുടെ പിൻഗാമിയായ അയ്മൻ അൽസവാഹിരിയും ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ഉൽപന്നങ്ങളായിരുന്നു എന്നത് ചരിത്രസത്യമാണ്.**

ഈ ലക്കത്തിൽ, ഇഖ്‌വാനികൾ കാലങ്ങളായി ഒളിപ്പിച്ചുപോന്ന ചില ഞെട്ടിക്കുന്ന സത്യങ്ങൾ, അവരുടെ തന്നെ നേതാക്കളുടെ കുറ്റസമ്മതങ്ങളിലൂടെയും ചരിത്രരേഖകളിലൂടെയും നമുക്ക് പരിശോധിക്കാം.

**ഉസാമ ബിൻ ലാദൻ: ഇഖ്‌വാനികളുടെ 'പുറത്താക്കപ്പെട്ട' സന്തതി**

ഇഖ്‌വാനുൽ മുസ്‌ലിമൂനും ആഗോള ഭീകരവാദവും തമ്മിലുള്ള ബന്ധം നിഷേധിക്കാനാവാത്ത വിധം വ്യക്തമാണ്. അൽഖാഇദയുടെ തലവനായിരുന്ന ഉസാമ ബിൻ ലാദനും അയാളുടെ പിൻഗാമിയായ അയ്മൻ അൽസവാഹിരിയും ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ഉൽപന്നങ്ങളായിരുന്നു എന്നത് ചരിത്രസത്യമാണ്.

ഇക്കാര്യം സ്ഥിരീകരിച്ചത് അയ്മൻ അൽസവാഹിരി തന്നെയാണ്. പുറത്തുവന്ന ഒരു വീഡിയോ സന്ദേശത്തിൽ അയാൾ വ്യക്തമാക്കുന്നത് കാണുക: "ശൈഖ് ഉസാമ ബിൻ ലാദൻ അറേബ്യൻ ഉപദ്വീപിലെ (അവർ സൗദി അറേബ്യ എന്ന് വിളിക്കാറില്ല - 'ജസീറത്തുൽ അറബ്' എന്നാണ് വിളിക്കുക) ഇഖ്‌വാനുൽ മുസ്‌ലിമൂൻ അംഗമായിരുന്നു."

എന്നാൽ ഇഖ്‌വാനികൾ പലപ്പോഴും പറയും, 'ഞങ്ങൾ ബിൻലാദനെ പുറത്താക്കിയതാണ്' എന്ന്. ശരിയാണ്, അയാൾ പുറത്താക്കപ്പെട്ടു. പക്ഷേ, എന്തിനായിരുന്നു ആ പുറത്താക്കൽ? അയാൾ തീവ്രവാദിയായതുകൊണ്ടായിരുന്നില്ല, മറിച്ച് 'സംഘടനാ അച്ചടക്കം' ലംഘിച്ചു എന്നതായിരുന്നു കാരണം.

'അഫ്ഗാൻ ജിഹാദ്' നടക്കുന്ന സമയത്ത് പാകിസ്ഥാനിലെ ലാഹോറിലുള്ള 'ജമാഅത്തെ ഇസ്‌ലാമി'ക്ക് സഹായം എത്തിച്ച് മടങ്ങാനായിരുന്നു ഇഖ്‌വാനി നേതൃത്വം ബിൻലാദനോട് നിർദ്ദേശിച്ചത്. 'നീ ലാഹോർ വിട്ട് അങ്ങോട്ട് പോകരുത്' എന്നായിരുന്നു കൽപന. എന്നാൽ ബിൻലാദൻ ആ നിർദേശം മറികടന്ന് പെഷവാറിലേക്കും അഫ്ഗാനിലേക്കും പോയി. സംഘടനയുടെ അനുവാദമില്ലാതെ പ്രവർത്തിച്ചതുകൊണ്ട് മാത്രമാണ് അവർ അയാളെ പുറത്താക്കിയത്. അല്ലാതെ അദ്ദേഹത്തിന്റെ തീവ്ര ആശയങ്ങളോടുള്ള എതിർപ്പ് കൊണ്ടായിരുന്നില്ല. ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നത് തീവ്രചിന്താഗതിക്കാരുടെ ഒരു 'വിളനിലം' ആണെന്ന് ഇത് തെളിയിക്കുന്നു.

ഈ ബന്ധം അവിടെ അവസാനിച്ചില്ല. അൽഖാഇദ രൂപീകരിക്കപ്പെട്ട ശേഷം, ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പിൽക്കാല സുപ്രീം ഗൈഡ് ആയിരുന്ന മുസ്തഫ മശ്ഹൂർ പെഷവാറിൽ ചെന്ന് ബിൻലാദനെ കണ്ടു. 'നീ നിന്റെ സഹോദരങ്ങളിലേക്ക് (ഇഖ്‌വാനിലേക്ക്) മടങ്ങിവരണം' എന്ന് അയാൾ ആവശ്യപ്പെട്ടതായി സവാഹിരി വെളിപ്പെടുത്തുന്നുണ്ട്.

**സമാധാന വർത്തമാനങ്ങളും രക്തം പുരണ്ട കൈകളും**

ഇഖ്‌വാനികൾ തങ്ങൾ സമാധാനവാദികളാണെന്ന് പുറമെ പറയുമ്പോഴും, അവരുടെ ചരിത്രം രക്തപങ്കിലമാണ്. ഹസനുൽ ബന്ന തന്നെ സ്ഥാപിച്ച 'പ്രത്യേക വിഭാഗം' (അൽനിസാം അൽഖാസ്) ഈജിപ്തിൽ പ്രധാനമന്ത്രിമാരായ അഹ്മദ് മാഹിർ, മഹ്മൂദ്

ഫഹ്മി അൽനുക്രാശി എന്നിവരെയും ജഡ്ജിയായ അഹ്മദ് അൽഖാസിന്ദാറിനെയും കൊലപ്പെടുത്തി.

നുക്രാശി പാഷ കൊല്ലപ്പെട്ടപ്പോൾ ഹസനുൽ ബന്ന 'അവർ സഹോദരങ്ങളല്ല, മുസ്‌ലിംകളുമല്ല' എന്നു പറഞ്ഞ് തടിയൂരാൻ ശ്രമിച്ചു. എന്നാൽ ഇഖ്‌വാനികളുടെ ആത്മീയ നേതാവായ യൂസുഫുൽ ഖറദാവി തന്റെ പുസ്തകത്തിൽ (ഇബ്നുൽ ഖർയ വൽ കുത്താബ്) എഴുതുന്നത്, 'നുക്രാശി കൊല്ലപ്പെട്ടപ്പോൾ ഞങ്ങൾ യുവാക്കൾക്ക് അത് വലിയ ആശ്വാസമായിരുന്നു' എന്നാണ്.

മാത്രമല്ല, കൊലപാതകിയായ അബ്ദുൽ മജീദ് ഹസനെ പുകഴ്ത്തിക്കൊണ്ട് ഖറദാവി എഴുതിയ കവിതയിൽ ഇപ്രകാരം കാണാം:

'അബ്ദുൽ മജീദ്, നിനക്ക് അഭിവാദ്യങ്ങൾ... സന്തോഷിച്ചാലും, നീയാണ് യുവാക്കളുടെ നേതാവ്.' 'നീ ഒരു പട്ടിയെ വിഷം കൊടുത്തു കൊന്നു, മറ്റൊരു പട്ടി പിന്നാലെ വന്നു... എല്ലാ പട്ടികൾക്കും ഞങ്ങളുടെ പക്കൽ വിഷമുണ്ട്.'

നോക്കൂ, ഒരു കൊലപാതകിയെ 'ഇമാം' എന്നാണ് അവർ വിളിക്കുന്നത്!

### ഹലാൽ സർട്ടിഫിക്കറ്റ് മുതൽ ബാങ്ക് കൊള്ള വരെ

ഇഖ്‌വാനുൽ മുസ്‌ലിമൂൻ കേവലമൊരു ആശയസംഹിതയല്ല, വലിയൊരു സാമ്പത്തിക സാമ്രാജ്യം കൂടിയാണ്. 'ഇസ്‌ലാമിക് ബാങ്കിംഗ്' എന്ന പേരിൽ അവർ നടത്തിയ ചൂഷണങ്ങളെക്കുറിച്ച് നാം നേരത്തെ സൂചിപ്പിച്ചിരുന്നു. എന്നാൽ അതിലും ഞെട്ടിക്കുന്ന വിവരങ്ങളാണ് ശൈഖ് ഹമദ് അൽഅതീഖ് പങ്കുവെക്കുന്നത്.

**സൗദി അറേബ്യയിൽ ഇഖ്‌വാനികൾ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി അവിടുത്തെ ശക്തമായ സലഫി ആദർശമായിരുന്നു. ഇതിനെ മറികടക്കാൻ മുഹമ്മദ് സുറൂർ സൈനുൽ ആബിദീൻ എന്ന സിറിയൻ ഇഖ്‌വാനി കണ്ടെത്തിയ പുതിയ രൂപമാണ് 'സുറൂറിസം.' പുറമെ സലഫികളെപ്പോലെ തോന്നിപ്പിക്കും. വേഷത്തിലും സംസാരത്തിലും തൗഹീദിലുമെല്ലാം സലഫി രീതി. എന്നാൽ രാഷ്ട്രീയത്തിലും ഭരണാധികാരികളോടുള്ള നിലപാടിലും സംഘടനാ സംവിധാനത്തിലും ഇവർ തികഞ്ഞ ഇഖ്‌വാനികളായിരിക്കും.**

*1.) ഹലാൽ സർട്ടിഫിക്കേഷൻ മാഫിയ:* വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്ന് മുസ്‌ലിം ലോകത്തേക്ക് മാംസം കയറ്റുമതി ചെയ്യുന്ന വമ്പൻ കമ്പനികൾ ഇഖ്‌വാനികളുടെ നിയന്ത്രണത്തിലാണ്. ഇസ്‌ലാമിക രാജ്യങ്ങളിലേക്ക് മാംസം അയക്കണമെങ്കിൽ 'ഹലാൽ' സർട്ടിഫിക്കറ്റ് വേണം. ഇതിന്റെ കുത്തകാവകാശം കൈക്കലാക്കിയ ഇഖ്‌വാനികൾ, ഓരോ കിലോ മാംസത്തിനും നിശ്ചിത തുക ഈടാക്കുന്നു. കോടിക്കണക്കിന് ഡോളറാണ് ഇതിലൂടെ സംഘടനയുടെ അക്കൗണ്ടുകളിലേക്ക് ഒഴുകുന്നത്.

*2) ബാങ്ക് കൊള്ളയും ഫത്‌വകളും:* പാശ്ചാത്യ രാജ്യങ്ങളിലെ ബാങ്കുകളിൽനിന്ന് പണം മോഷ്ടിക്കുന്നത് 'ജിഹാദ്' ആണെന്ന് വിശ്വസിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. സൗദി അറേബ്യയിലെ ഒരു പ്രമുഖ 'സഹ്‌വ' നേതാവ് 'വിദേശ ബാങ്കുകളിലെ ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പണം തട്ടുന്നതും ബാങ്ക് കൊള്ള നടത്തുന്നതും അനുവദനീയമാണ്' എന്ന് ഫത്‌വ നൽകി! 'അത് യുദ്ധം ചെയ്യുന്നവരുടെ (അവിശ്വാസികളുടെ) പണമാണ്, അത് നമുക്ക് ഗനീമത്തായി എടുക്കാം' എന്ന വിചിത്രമായ ന്യായമാണ് ഇവർ നിരത്തുന്നത്. എന്നാൽ ഇസ്‌ലാമിൽ യുദ്ധം പ്രഖ്യാപിക്കാനും ഗനീമത്ത് എടുക്കാനും അവകാശം ഭരണാധികാരിക്കാണ് എന്ന അടിസ്ഥാന തത്ത്വം ഇവർ മറച്ചുവയ്ക്കുന്നു.

*3) യൂറോപ്പിലെ മോഷണം:* യൂറോപ്പിലെ ഗ്രാമപ്രദേശങ്ങളിൽ കർഷകർ പാൽ, തൈര് തുടങ്ങിയ ഉൽപന്നങ്ങൾ റോഡരികിൽ ഫ്രിഡ്ജുകളിൽ വെക്കാറുണ്ട്. ആവശ്യമുള്ളവർ പണമെടുത്ത് പെട്ടിയിലിട്ട് സാധനം കൊണ്ടുപോകുന്ന രീതിയാണത്. എന്നാൽ 'ഇത് കാഫിറുകളുടെ സ്വത്താണ്' എന്നു പറഞ്ഞ് പണം നൽകാതെ ഈ സാധനങ്ങൾ മോഷ്ടിക്കുന്നത് അനുവദനീയമാണെന്ന് പഠിപ്പിച്ച ഇഖ്‌വാനികൾ അവിടെയുണ്ട്. ഇസ്‌ലാമിനെ കള്ളന്മാരുടെ മതമായി ചിത്രീകരിക്കാനാണ് ഇത്തരം ഫത്‌വകൾ ഉപകരിച്ചത്.

**'ബന്നാവിയ്യുകൾ,' ഭരണസിരാകേന്ദ്രങ്ങളിലെ ചാരന്മാർ**

ഇഖ്‌വാനികളിലെ മറ്റൊരു വിഭാഗമാണ് ബന്നാവിയ്യുകൾ.' ഇവർ പരസ്യമായി അക്രമത്തെ എതിർക്കും. 'ഞങ്ങൾ സമാധാനവാദികളാണ്' എന്ന് പറയും. എന്നാൽ ഇവർ രാജ്യത്തിന്റെ ഔദ്യോഗിക സംവിധാനങ്ങളിൽ, മന്ത്രാലയങ്ങളിൽ, അക്കാദമിക് രംഗത്ത് എല്ലാം നുഴഞ്ഞുകയറി പ്രവർത്തിക്കുന്നവരാണ്. ഈജിപ്ഷ്യൻ ഇഖ്‌വാനി നേതാവായ ഖൈറത്ത് അൽശാത്വിറിനോട് ഒരു അഭിമുഖത്തിൽ ചോദിച്ചു: 'നിങ്ങളെ അറസ്റ്റ് ചെയ്യാൻ പോകുന്നു എന്ന വിവരം നിങ്ങൾക്ക് എങ്ങനെ കിട്ടി?' അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഇഖ്‌വാനികൾ എല്ലായിടത്തുമുണ്ട്' (പോലീസിലും മന്ത്രാലയങ്ങളിലുമെല്ലാം).



സൗദി അറേബ്യയിലും ഇത്തരം 'ബന്നാവിയ്യുകൾ' ഉണ്ടായിരുന്നു. ഉന്നത ഉദ്യോഗസ്ഥരായി, ഉപദേശകരായി അവർ ഭരണകൂടത്തിനൊപ്പം നിന്നു. ഇതിനെക്കുറിച്ച് ശൈഖ് ഹമദ് അൽഅതീഖ് അമീർ നായിഫ് ബിൻ അബ്ദുൽ അസീസുമായി നടന്ന ഒരു സംഭവം പങ്കുവയ്ക്കുന്നുണ്ട്.

അമീർ നായിഫ് ഒരു ഉന്നത ഉദ്യോഗസ്ഥനെക്കുറിച്ച് (ആളുകൾക്കിടയിൽ 'ഇഖ്‌വാനികളുടെ പിതാവ്' എന്ന് അറിയപ്പെടുന്നയാളെ കുറിച്ച്) ശൈഖിനോട് പറഞ്ഞു: "അദ്ദേഹം ഇഖ്‌വാനിയല്ല എന്ന് അല്ലാഹുവിന്റെ പേരിൽ എന്നോട് സത്യം ചെയ്തിട്ടുണ്ടല്ലോ."

അപ്പോൾ ശൈഖ് ഹമദ് അൽഅതീഖ് സലഫുകൾ പറഞ്ഞ ചരിത്രപ്രസിദ്ധമായ ഒരു വചനം അമീറിനെ ഓർമിപ്പിച്ചു: "ആരുടെയെങ്കിലും ബിദ്അത്ത് (അനാചാരം/ആദർശവ്യതിയാനം) നമ്മിൽ നിന്ന് മറഞ്ഞുനിന്നേക്കാം. പക്ഷേ, അയാളുടെ കൂട്ടുകെട്ട് നമ്മിൽനിന്ന് മറഞ്ഞുനിൽക്കില്ല."

ശൈഖ് തുടർന്നു: "അമീറേ, ആ വ്യക്തി അധികാരത്തിലിരുന്നപ്പോൾ ആരെയാണ് നിയമിച്ചത്? ആരെയാണ് അടുപ്പിച്ചത്? ഇഖ്‌വാനികളെയും സഹ്‌വക്കാരെയുമല്ലേ, അല്ലാതെ സലഫികളെയല്ലല്ലോ?" ഇത് കേട്ടപ്പോൾ അമീർ നായിഫ് പറഞ്ഞു: "അല്ലാഹു താങ്കളുടെ മുഖം വെളുപ്പിക്കട്ടെ (അനുഗ്രഹിക്കട്ടെ). അതെ, അയാൾ ഇഖ്‌വാനികളെ മാത്രമെ കൊണ്ടുവന്നിട്ടുള്ളൂ." ഒരാളുടെ സത്യവാങ്മൂലത്തെക്കാൾ അയാളുടെ കൂട്ടുകെട്ടാണ് അയാളുടെ ആദർശം വെളിപ്പെടുത്തുന്നത്.

### സുറൂറിസം: സലഫി വേഷത്തിലെ ഇഖ്‌വാനി വിഷം

സൗദി അറേബ്യയിൽ ഇഖ്‌വാനികൾ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി അവിടുത്തെ ശക്തമായ സലഫി ആദർശമായിരുന്നു. ഇതിനെ മറികടക്കാൻ മുഹമ്മദ് സുറൂർ സൈനുൽ ആബിദീൻ എന്ന സിറിയൻ ഇഖ്‌വാനി കണ്ടെത്തിയ പുതിയ രൂപമാണ് 'സുറൂറിസം.'

ഒരു ഗവേഷകൻ ഇതിനെ വിശേഷിപ്പിച്ചത് ഇങ്ങനെയാണ്: "ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബിന്റെ മേലങ്കിയും സയ്യിദ് ഖുതുബിന്റെ പാന്റ്സും ധരിച്ച രൂപമാണ് സുറൂറിസം." അതായത്, പുറമെ സലഫികളെപ്പോലെ തോന്നും. വേഷത്തിലും സംസാരത്തിലും തൗഹീദിലുമെല്ലാം സലഫി രീതി. എന്നാൽ രാഷ്ട്രീയത്തിലും ഭരണാധികാരികളോടുള്ള നിലപാടിലും സംഘടനാ സംവിധാനത്തിലും ഇവർ തികഞ്ഞ ഇഖ്‌വാനികളായിരിക്കും. മുഹമ്മദ് സുറൂർ തന്നെ ഒരു അഭിമുഖത്തിൽ സമ്മതിക്കുന്നുണ്ട്: "സൗദിയിൽ ഞങ്ങൾക്ക് കൃത്യമായ സംഘടനാ സംവിധാനമുണ്ടായിരുന്നു."

### 'ആധുനിക ഖവാരിജുകൾ'- സലഫി പണ്ഡിതന്മാരുടെ മുന്നറിയിപ്പ്

ഇവരെ ആദ്യം തിരിച്ചറിഞ്ഞത് ശൈഖ് നാസിറുദ്ദീൻ അൽഅൽബാനി ആയിരുന്നു. അദ്ദേഹം ഇവരെ വിളിച്ചത് 'ഖവാരിജിയ്യ അസ്‌രിയ്യ' (ആധുനിക ഖവാരിജുകൾ) എന്നാണ്. പഴയ ഖവാരിജുകൾ വാളുമായിട്ടാണ് വന്നതെങ്കിൽ ഇവർ പേനയും മൈക്കുമായി വരുന്നു

**സുറൂറികളുടെ പ്രധാന ലക്ഷ്യം യുവാക്കളെ പണ്ഡിതന്മാരിൽനിന്നും ഭരണാധികാരികളിൽനിന്നും അകറ്റുക എന്നതായിരുന്നു. മുഹമ്മദ് സുറൂർ തന്റെ 'അസ്സുന്ന' മാഗസിനിൽ (ലക്കം 43) സൗദി ഭരണാധികാരികളെ കാഫിറുകളായി (തക്ഫീർ) ചിത്രീകരിച്ചു: 'അവർ (ഭരണാധികാരികൾ) അവരുടെ ചുറ്റുമുള്ള ലിബറലുകളെക്കാൾ മോശക്കാരാണ്. കാരണം രണ്ടുപേരുടെയും വിശ്വാസം ഒന്ന് തന്നെയാണ്.'**

എന്ന് മാത്രം.

മുഹമ്മദ് സുറൂർ തന്റെ 'മൻഹജുൽ അമ്പിയാ' എന്ന പുസ്തകത്തിൽ സലഫി അഖീദ ഗ്രന്ഥങ്ങളെ വിമർശിച്ചിരുന്നു. 'ഈ പഴയ അഖീദ കിതാബുകൾക്ക് 'വരൾച്ചയുണ്ട്, അവ ആധുനിക കാലത്തിന് യോജിച്ചതല്ല' എന്ന ഇയാളുടെ വാദം, സലഫിയത്തിനെ ഹൈജാക്ക് ചെയ്യാനുള്ള ശ്രമമായിരുന്നു. ഇതിനെതിരെ സലഫി പണ്ഡിതന്മാർ ശക്തമായി രംഗത്തുവന്നു:

ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്: "അല്ലാഹുവിന്റെ വചനത്തെയും റസൂലിന്റെ(സ്വ) വചനത്തെയും 'വരൾച്ച' എന്ന് വിശേഷിപ്പിക്കുന്നത് ഇസ്‌ലാമിൽ നിന്നുള്ള പുറത്തുപോകലാണ്. ഈ പുസ്തകം കത്തിച്ചുകളയേണ്ടതാണ്."

ശൈഖ് ഹമ്മാദ് അൽഅൻസാരി: "മുഹമ്മദ് സുറൂറിന്റെ 'അസ്സുന്ന' എന്ന മാഗസിൻ കൈവശം വെക്കുന്നത് ഞാൻ വിലക്കി. അത് കത്തിച്ചുകളയാൻ ഞാൻ കൽപിച്ചു."

ശൈഖ് സ്വാലിഹ് അൽഫൗസാൻ: "നമുക്ക് നമ്മുടെ സലഫുകളുടെ കിതാബുകൾ ഉള്ളപ്പോൾ എന്തിനാണ് പുറത്തുനിന്ന് ഇറക്കുമതി ചെയ്ത ഇത്തരം ചിന്തകൾ? ഈ മനുഷ്യൻ യുവാക്കളെ വഴിതെറ്റിക്കുകയാണ്."

### പണ്ഡിതന്മാരെയും ഭരണാധികാരികളെയും അധിക്ഷേപിക്കൽ

സുറൂറികളുടെ പ്രധാന ലക്ഷ്യം യുവാക്കളെ പണ്ഡിതന്മാരിൽനിന്നും ഭരണാധികാരികളിൽനിന്നും അകറ്റുക എന്നതായിരുന്നു. മുഹമ്മദ് സുറൂർ തന്റെ 'അസ്സുന്ന' മാഗസിനിൽ (ലക്കം 43) സൗദി ഭരണാധികാരികളെ കാഫിറുകളായി (തക്ഫീർ) ചിത്രീകരിച്ചു: 'അവർ (ഭരണാധികാരികൾ) അവരുടെ ചുറ്റുമുള്ള ലിബറലുകളെക്കാൾ മോശക്കാരാണ്. കാരണം രണ്ടുപേരുടെയും വിശ്വാസം ഒന്ന് തന്നെയാണ്.'

അതുപോലെ ലക്കം 26ൽ സൗദിയിലെ ഉന്നത പണ്ഡിതന്മാരായ ശൈഖ് ബിൻ ബാസിനെയും മറ്റും അധിക്ഷേപിച്ചുകൊണ്ട്

അദ്ദേഹം എഴുതി: 'ഇവർ അടിമകളുടെ അടിമകളാണ്. ഇവരുടെ യജമാനൻ അമേരിക്കൻ പ്രസിഡന്റ് എന്ന ക്രിസ്ത്യാനിയുടെ അടിമയാണ്.' ഇത്രയും നീചമായ ഭാഷയിലാണ് തൗഹീദിന്റെ പണ്ഡിതന്മാരെ ഇവർ വിശേഷിപ്പിച്ചത്.

**തോൽക്കുമ്പോൾ മാത്രം പുറത്തുവരുന്ന പശ്ചാത്താപം**

ഇഖ്‌വാനികളുടെ മറ്റൊരു അടയാളമാണ് 'വ്യാജ തൗബ.' തങ്ങളുടെ ഗൂഢനീക്കങ്ങൾ പിടിക്കപ്പെടുമ്പോഴോ, ഉന്നത സ്ഥാനങ്ങൾ ലഭിക്കാൻ തടസ്സമാകുമ്പോഴോ ഇവർ 'ഞാൻ പഴയ ആശയങ്ങളിൽ നിന്ന് മടങ്ങി' എന്ന് പറയും.

എന്നാൽ സലഫി പണ്ഡിതന്മാർ ഇതിന് വ്യക്തമായ മാനദണ്ഡങ്ങൾ നൽകുന്നു. അല്ലാഹു പറഞ്ഞു: "എന്നാൽ പശ്ചാത്തപിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും (സത്യം ജനങ്ങൾക്ക്) വിവരിച്ചുകൊടുക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു..." (2:160)

തൗബ ആത്മാർഥമാണെങ്കിൽ, ഇന്നലെവരെ താൻ കൂടെ നടന്ന ഇഖ്‌വാനികളുമായുള്ള ബന്ധം ഉപേക്ഷിക്കുകയും, താൻ ശത്രുക്കളായി കണ്ടിരുന്ന സലഫി പണ്ഡിതന്മാരോട് അടുക്കുകയും വേണം. എന്നാൽ പല 'സഹ്‌വ' നായകന്മാരും തൗബ പ്രഖ്യാപിച്ച ശേഷവും പഴയ കൂട്ടുകെട്ടുകളിൽ തന്നെ തുടരുന്നു.

*(തുടരും)*

വൈറൽ



# ലിപ്സ്റ്റിക് വില്ലനാകുമ്പോൾ!

മലയാളി പെൺകുട്ടികളുടെ ബാഗിലെ ഒഴിച്ചുകൂടാനാവാത്ത ഒന്നായി ലിപ്സ്റ്റിക് മാറിയിരിക്കുന്നു. എന്നാൽ, കേവലം സൗന്ദര്യത്തിനപ്പുറം ഇത് ശരീരത്തിനുള്ളിൽ ഒരു നിശ്ശബ്ദ കൊലയാളിയായി മാറുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അടുത്തിടെ പുറത്തുവന്ന ചില മെഡിക്കൽ റിപ്പോർട്ടുകൾ പ്രകാരം, മദ്യപിക്കാത്ത സ്ത്രീകൾക്ക് പോലും കരൾ സംബന്ധമായ അസുഖങ്ങൾ (Liver Cirrhosis)വരുന്നത് ലിപ്സ്റ്റിക്കിലെ വിഷാംശങ്ങൾ മൂലമാണെന്ന് സംശയിക്കപ്പെടുന്നു.

### എങ്ങനെയാണ് ലിപ്സ്റ്റിക് കരളിനെ ബാധിക്കുന്നത്?

ലിപ്സ്റ്റിക് പുരട്ടുമ്പോൾ അത് ഭക്ഷണം കഴിക്കുമ്പോഴും സംസാരിക്കുമ്പോഴും അറിയാതെ തന്നെ വയറ്റിലെത്തുന്നു. ഇതിലടങ്ങിയിരിക്കുന്ന രാസവസ്തുക്കൾ രക്തത്തിൽ കലരുകയും അവയെ ശുദ്ധീകരിക്കേണ്ടി വരുന്ന കരളിന് അമിതഭാരം ഉണ്ടാവുകയും ചെയ്യുന്നു.

### ലിപ്സ്റ്റിക്കിലെ വില്ലന്മാർ

'ലെഡ്' എന്നത് മിക്കവാറും ലിപ്സ്റ്റിക്കുകളിൽ നിറം നിലനിൽക്കാൻ ഉപയോഗിക്കുന്ന ഘനലോഹമാണ്. ഇത് നാഡീവ്യൂഹത്തെ മാത്രമല്ല, കരളിന്റെ കോശങ്ങളെയും ദോഷകരമായി ബാധിക്കുന്നു. കാഡ്മിയമാണ് മറ്റൊന്ന്. ക്യാൻസറിന് കാരണമാകുന്ന ഈ ലോഹം ശരീരത്തിൽനിന്ന് പുറന്തള്ളാൻ പ്രയാസമാണ്. ഇത് കിഡ്നിയെയും കരളിനെയും തകരാറിലാക്കാം. ഫോർമാൽഡിഹൈഡ് ആകട്ടെ ലിപ്സ്റ്റിക് കേടാകാതിരിക്കാൻ ചേർക്കുന്ന ഒരു പ്രിസർവേറ്റീവാണ്. ഇത് ശരീരത്തിലെത്തിയാൽ അവയവങ്ങൾക്ക് വീക്കം ഉണ്ടാക്കുന്നു.

സാധാരണഗതിയിൽ മദ്യപാനമാണ് സിറോസിസിന് കാരണമെന്നാണ് നാം കരുതുന്നത്. എന്നാൽ, 'നോൺ-ആൽക്കഹോളിക് സ്റ്റീറ്റോഹെപ്പറ്റൈറ്റിസ്' എന്ന അവസ്ഥയ്ക്ക് ഇത്തരം രാസവസ്തുക്കൾ കാരണമാകുന്നു. കുട്ടികളെ ലിപ്സ്റ്റിക് ഉപയോഗത്തിൽനിന്ന് തടയുക. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

# സൂറതു ഖസ്വസ്വ്

കഥാകഥനം

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

إِنَّ الَّذِى فَرَضَ عَلَيْكَ الْقُرْآنَ لَرَادُّكَ إِلَىٰ مَعَادٍ ۚ قُل رَّبِّي أَعْلَمُ مَن جَاءَ بِالْهُدَىٰ وَمَنْ هُوَ فِي ضَلَالٍ مُّبِينٍ ﴿٨٥﴾

85 തീർച്ചയായും നിനക്ക് ഈ ക്വുർആൻ നിയമമായി നൽകിയവൻ തിരിച്ചെത്തേണ്ട സ്ഥാനത്തേക്ക് നിന്നെ തിരിച്ചു കൊണ്ടുവരിക തന്നെ ചെയ്യും. പറയുക: സൻമാർഗവും കൊണ്ട് വന്നതാരെന്നും, സ്പഷ്ടമായ ദുർമാർഗത്തിലകപ്പെട്ടത് ആരെന്നും എന്റെ രക്ഷിതാവ് നല്ലവണ്ണം അറിയുന്നവനാണ്.

*അല്ലാഹു പറയുന്നു: (തീർച്ചയായും നിനക്ക് ഈ ക്വുർആൻ നിയമമായി നൽകിയവൻ) ആയത്ത് ഇറക്കിത്തന്നവൻ, അതിൽ മതവിധികൾ നിശ്ചയിച്ചു. അനുവദനീയമായതും നിഷിദ്ധമായതും വിശദീകരിച്ചു. അത് ലോകർക്ക് എത്തിച്ചുകൊടുക്കാൻ താങ്കളോട് കൽപിച്ചു. അതിലെ നിയമങ്ങളിലേക്ക് ആളുകളെ ക്ഷണിക്കുക. ഇഹലോകജീവിതം മാത്രമേയുള്ളൂ എന്നത് അവന്റെ യുക്തിക്ക് യോജിക്കുന്നതല്ല. തന്റെ ദാസന്മാർക്ക് അവൻ പ്രതിഫലം നൽകുകയും ശിക്ഷിക്കുകയും ചെയ്യും. താങ്കൾ മടക്കസ്ഥാനത്ത് എത്താതിരിക്കില്ല. അവിടെ നന്മക്ക് പ്രതിഫലവും തിന്മക്ക്ശിക്ഷയുമുണ്ട്.*

*പ്രവാചകരേ, താങ്കൾ അവർക്ക് മാർഗദർശനം വിശദീകരിച്ചു കൊടുക്കുകയും വഴികാണിക്കുകയും ചെയ്തു. അവർ താങ്കളെ പിൻപറ്റിയാൽ അത് അവരുടെ അനുഗ്രഹവും സൗഭാഗ്യവുമാണ്. എന്നാൽ താങ്കളെ അനുസരിക്കാതിരിക്കാനും താങ്കൾ കൊണ്ടുവന്ന മാർഗദർശനത്തെ വിമർശിക്കാനും സത്യത്തെക്കാൾ അസത്യത്തിന് മുൻഗണന നൽകാനുമാണ് അവർ ചിന്തിക്കുന്നതെങ്കിൽ ഇനി തർക്കത്തിന് ഇടമില്ല. ദൃശ്യവും അദൃശ്യവും അറിയുന്നവൻ കർമങ്ങൾക്ക് നൽകുന്ന പ്രതിഫലമല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല. അതാണ് അല്ലാഹു പറഞ്ഞത്: (സന്മാർഗം കൊണ്ടുവന്നത് ആരെന്നും സ്പഷ്ടമായ ദുർമാർഗത്തിൽപെട്ടതാരെന്നും എന്റെ രക്ഷിതാവ് നല്ലവണ്ണം അറിയുന്നവനാണ്) തന്റെ ദൂതൻ മറ്റുള്ളവരെ നേർവഴിയിലേക്ക് നയിക്കുന്നവനാണെന്നും അദ്ദേഹത്തിന്റെ ശത്രുക്കൾ വഴിപിഴച്ചവരും മറ്റുള്ളവരെ പിഴപ്പിക്കുന്നവരുമാണെന്നും അവന് അറിയാം.*

وَمَا كُنتَ تَرْجُو أَن يُلْقَىٰ إِلَيْكَ الْكِتَابُ إِلَّا رَحْمَةً مِّن رَّبِّكَ ۖ فَلَا تَكُونَنَّ ظَهِيرًا لِّلْكَافِرِينَ ﴿٨٦﴾

86 നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യത്താൽ (അതു ലഭിച്ചു). ആകയാൽ നീ സത്യനിഷേധികൾക്കു സഹായിയായിരിക്കരുത്.

*(നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല) ഈ ഗ്രന്ഥം താങ്കൾക്ക് ഇറക്കുമെന്ന് താങ്കൾ പ്രതീക്ഷിക്കുകയോ അതിന് തയ്യാറെടുക്കുകയോ ചെയ്തിരുന്നില്ല. (പക്ഷേ, നിന്റെ രക്ഷിതാവിന്റെ കാരുണ്യത്താൽ) തന്റെ ദാസന്മാരോടുള്ള കാരുണ്യമാണ്. ഈ ഗ്രന്ഥം ലോകരക്ഷിതാവിൽ നിന്ന് കാരുണ്യമായിട്ടാണ് താങ്കൾക്ക് ഇറക്കപ്പെട്ടത്. അവർക്ക് അറിയാത്തത് അവനവരെ പഠിപ്പിച്ചു. അവരെ സംസ്കരിക്കുകയും വേദവും ജ്ഞാനവും അവരെ പഠിപ്പിക്കുകയും ചെയ്തു. അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു.*

അവനിൽനിന്നുള്ള കാരുണ്യമായിട്ടാണ് ഇത് നിങ്ങൾക്ക് ഇറക്കിത്തന്നതെന്ന് നിങ്ങൾക്ക് അറിയുമെങ്കിൽ അതിലുള്ള അവന്റെ കൽപനകളും വിലക്കുകളുമെല്ലാം അവനിൽനിന്നുള്ള കാരുണ്യവും അനുഗ്രഹവുമാണെന്ന് നിങ്ങൾക്കറിയാം. അതിനാൽ താങ്കളുടെ ഹൃദയം അതിൽ അസ്വസ്ഥത കാണിക്കരുത്. എതിരാവുന്ന കാര്യങ്ങൾ ഏറ്റവും കൂടുതൽ പ്രയോജനകരമായിരിക്കുമെന്ന് കരുതുക. (ആകയാൽ നീ സത്യനിഷേധികൾക്ക് സഹായിയായിരിക്കരുത്) അവരുടെ അവിശ്വാസത്തിന്റെ കാര്യത്തിൽ അവരെ നീ സഹായിക്കരുത്. അവരെ സഹായിക്കുക എന്നു വെച്ചാൽ നല്ലതല്ലാത്തതും പ്രയോജനകരമല്ലാത്തതും ആ വേദഗ്രന്ഥത്തിൽ ഉണ്ടെന്ന് പറയലാണ്.

وَلَا يَصُدُّنَّكَ عَنْ آيَاتِ اللَّهِ بَعْدَ إِذْ أُنزِلَتْ إِلَيْكَ ۖ وَادْعُ إِلَىٰ رَبِّكَ ۖ وَلَا تَكُونَنَّ مِنَ الْمُشْرِكِينَ ﴿٨٧﴾

**87**

അല്ലാഹുവിന്റെ വചനങ്ങൾ നിനക്ക് അവതരിപ്പിക്കപ്പെട്ടതിനു ശേഷം അവർ നിന്നെ അതിൽനിന്ന് തടയാതിരിക്കട്ടെ. നിന്റെ രക്ഷിതാവിങ്കലേക്ക് നീ ക്ഷണിക്കുക. നീ ബഹുദൈവവിശ്വാസികളുടെ കൂട്ടത്തിലായിപ്പോകരുത്.

(അല്ലാഹുവിന്റെ വചനങ്ങൾ നിനക്ക് അവതരിപ്പിക്കപ്പെട്ടതിനുശേഷം അവർ നിന്നെ അതിൽ നിന്ന് തടയാതിരിക്കട്ടെ) പകരം അവർക്ക് എത്തിച്ചുകൊടുക്കുകയും നടപ്പിലാക്കുകയും ചെയ്യുക. അവരുടെ തന്ത്രങ്ങൾ നിന്നെ വഞ്ചിച്ചുകളയരുത്. അവരുടെ ഇച്ഛകളെ പിന്തുടരുകയും ചെയ്യരുത്. (നിന്റെ രക്ഷിതാവിങ്കലേക്ക് നീ ക്ഷണിക്കുക) അതായത് ആളുകളെ നിന്റെ രക്ഷിതാവിങ്കലേക്ക് ക്ഷണിക്കുക എന്നത് ആത്യന്തിക ലക്ഷ്യമാക്കുക. അതിന് വിരുദ്ധമായതെന്തും തള്ളിക്കളയണം. ലോകമാന്യത, പ്രശസ്തി, വഴിതെറ്റിയവരുടെ ആശയങ്ങളോട് യോജിപ്പ് പുലർത്തുക തുടങ്ങിയ കാര്യങ്ങളൊക്കെ തള്ളിക്കളയണം. അങ്ങനെ ചെയ്താൽ അത് അവരോടൊപ്പം ചേരലും അവരുടെ ലക്ഷ്യങ്ങളെ സഹായിക്കലുമാണ്. അതാണ് അല്ലാഹു പറഞ്ഞത്: (നീ പങ്കുചേർക്കുന്നവരിൽ പെട്ടവനാവുകതന്നെ ചെയ്യരുത്) അതായത് അല്ലാഹുവിൽ പങ്കുചേർക്കുന്ന കാര്യത്തിൽ, അതല്ലെങ്കിൽ അതിലേതെങ്കിലും ചെറിയ വിഷയത്തിൽ പോലും; മറ്റേതെങ്കിലും തിന്മകളുടെ ഭാഗമാവുകയോ ചെയ്യരുത്.

وَلَا تَدْعُ مَعَ اللَّهِ إِلَٰهًا آخَرَ ۘ لَا إِلَٰهَ إِلَّا هُوَ ۚ كُلُّ شَيْءٍ هَالِكٌ إِلَّا وَجْهَهُ ۚ لَهُ الْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٨٨﴾

**88**

അല്ലാഹുവോടൊപ്പം വേറെ യാതൊരു ദൈവത്തെയും നീ വിളിച്ച് പ്രാർഥിക്കുകയും ചെയ്യരുത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്. അവന്നുള്ളതാണ് വിധികർതൃത്വം. അവങ്കലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

(അല്ലാഹുവോടൊപ്പം വേറെ ഒരു ദൈവത്തെയും നീ വിളിച്ചു പ്രാർഥിക്കുകയും ചെയ്യരുത്) പകരം നിന്റെ ആരാധന അല്ലാഹുവിന് മാത്രം സമർപ്പിക്കുക. കാരണം (അവനല്ലാതെ യാതൊരു ദൈവവുമില്ല) അതിനാൽ ആരാധ്യതക്കോ സ്നേഹിക്കപ്പെടാനോ അർഹനായി എന്നെന്നും അവശേഷിക്കുന്ന സമ്പൂർണനായ അല്ലാഹു മാത്രമേയുള്ളൂ. (അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്) അവനല്ലാത്തതെല്ലാം നശിക്കുകയും അപ്രത്യക്ഷമാവുകയും ചെയ്യുമെങ്കിൽ നശിക്കുന്നതിനെയും നിരർഥകമായതിനെയും ആരാധിക്കുന്നതുതന്നെ നിഷ്ഫലമാണ്. (അവനുള്ളതാണ് വിധികർതൃത്വം) ഇഹത്തിലും പരത്തിലും. (അവങ്കലേക്ക്) മറ്റാരിലേക്കും അല്ല. (നിങ്ങൾ മടക്കപ്പെടുകയും ചെയ്യും) കാരണം, അല്ലാഹു ഒഴികെയുള്ളതെല്ലാം അസത്യവും നശിക്കുന്നതും ആണെങ്കിൽ അല്ലാഹു മാത്രമാണ് അവശേഷിക്കുന്നത്. അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. ഇഹത്തിലും പരത്തിലും വിധികർതൃത്വം അവന്നാണ്. എല്ലാ സൃഷ്ടികളും അവനിലേക്ക് മടങ്ങും. അവരുടെ പ്രവർത്തനങ്ങൾക്ക് അവൻ പ്രതിഫലം നൽകും. അതിനാൽ ബുദ്ധിയുള്ള ഏതൊരാളും അവനെ മാത്രമെ ആരാധിക്കൂ; അവനിൽ പങ്കുചേർക്കുകയില്ല. അവനിലേക്ക് അടുപ്പിക്കുന്ന കാര്യങ്ങൾ പ്രവർത്തിക്കും. അവനു കീഴൊതുങ്ങും. അവന്റെ ശിക്ഷയെയും കോപത്തെയും സൂക്ഷിക്കും. പാപങ്ങൾ ഉപേക്ഷിക്കാതെയും പശ്ചാത്തപിക്കാതെയും തന്റെ രക്ഷിതാവിന്റെ അടുക്കൽ വരാതിരിക്കാൻ അവൻ സൂക്ഷ്മത പാലിക്കും.

(സൂറഃ ഖസ്വസ്വിന്റെ വിശദീകരണം പൂർത്തിയായി. അല്ലാഹുവിന്സ്തുതി).



(ബഹുമാന്യ പണ്ഡിതൻ ഹംദുബിനു ഇബ്റാഹീം ഉസ്മാൻ രചിച്ച 'അസ്സ്വവാരിഫ് അനിൽ ഹക്ക്' എന്ന അറബി കൃതിയുടെ ആമുഖ ഭാഗത്തിന്റെ പരിഭാഷയാണിത്)

# മനുഷ്യപ്രകൃതിയുടെ തേട്ടം

ഹംദുബിനു ഇബ്റാഹീം ഉസ്മാൻ
വിവ: ഡോ. ഷാജി സ്വലാഹി, എടത്തനാട്ടുകര

അല്ലാഹുവിന്നാകുന്നു സർവസ്തുതിയും. അല്ലാഹുവിന്റെ ദൂതന് രക്ഷയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹു തന്റെ മുഴുവൻ സൃഷ്ടികളെയും ശുദ്ധ പ്രകൃതിയിലാണ് സൃഷ്ടിച്ചിരിക്കുന്നത്. വിശുദ്ധ ക്വുർആനിൽ അല്ലാഹു പ്രസ്താവിക്കുന്നത് അപ്രകാരമാകുന്നു: "...അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയെത്ര അത്..." (30:30). സത്യത്തെ ലക്ഷ്യം വയ്ക്കുന്നതും സ്നേഹിക്കുന്നതുമായ സ്വഭാവത്തിലാണ് മനുഷ്യ പ്രകൃതിയുടെ സൃഷ്ടിപ്പ്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറഞ്ഞതുപോലെ; 'സത്യത്തെ സ്നേഹിക്കുകയും ലക്ഷ്യം വയ്ക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന രീതിയിലാണ് ഹൃദയത്തിന്റെ സൃഷ്ടിപ്പ്.

**സത്യത്തെ മനസ്സിലാക്കുകയും ലക്ഷ്യം വയ്ക്കുകയും സ്നേഹിക്കുകയും ചെയ്യുക എന്നുള്ളത് മനുഷ്യമനസ്സിൽ വേരുറച്ചതാണ് എന്നുള്ളതിന് മതപരമായ തെളിവുകളുടെ പിൻബലമുള്ള കാര്യമാണ്. അല്ലാഹു പറയുന്നു: 'എന്നാൽ ഒരാൾ തന്റെ രക്ഷിതാവിങ്കൽനിന്ന് ലഭിച്ച വ്യക്തമായ തെളിവിനെ അവലംബിക്കുന്നു. അവങ്കൽനിന്നുള്ള ഒരു സാക്ഷി അതിനെ തുടർന്ന് വരുകയും ചെയ്യുന്നു" (11:17).**

സത്യത്തോടുള്ള സ്നേഹം മനുഷ്യപ്രകൃതിയിൽ അന്തർലീനമാണ്. നിരർഥകമായ അസത്യത്തെക്കാൾ അതാണ് അവന്റെ പ്രകൃതിക്ക് കൂടുതൽ ആസ്വാദ്യകരവും മഹത്തരവുമായത്. കാരണം, മനുഷ്യപ്രകൃതിക്ക് ഒരിക്കലും അസത്യത്തോട് താദാത്മ്യം പ്രാപിക്കാൻ കഴിയില്ല.'(1)

'മനസ്സുകളിൽ വേരൂന്നിയ സത്യത്തോടുള്ള സ്നേഹത്തിന് പുറമെ, അവ സ്വാഭാവികമായും സത്യം കണ്ടെത്താൻ ചായ്‌വുള്ളവയാണ്. സർവ ശക്തനായ ദൈവത്തെക്കുറിച്ച് മൂസാ(അ) പറഞ്ഞതുപോലെ; 'ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും എന്നിട്ട് (അതിന്) വഴികാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്' (ക്വുർആൻ 30:50) (2)

പ്രവാചകൻ(സ്വ) പറഞ്ഞു: 'പാപം എന്നത് നിങ്ങളുടെ ഹൃദയത്തിൽ ചൊറിച്ചിലുണ്ടാക്കുന്നതും ആളുകൾ അത് അറിയുന്നത് നിങ്ങൾ വെറുക്കുന്നതുമാണ്.'(3)

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറഞ്ഞു: 'വിശ്വാസ കാര്യങ്ങളിലും ലക്ഷ്യങ്ങളിലും അസത്യത്തെക്കാൾ സത്യത്തിന് മുൻഗണന അനിവാര്യമാക്കുന്ന ഒരു കാര്യം മനുഷ്യമനസ്സിൽ തന്നെയുണ്ട്. ശുദ്ധ പ്രകൃതിയിലാണ് അത് ജന്മം കൊണ്ടിരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഇത് പര്യാപ്തമാണ്.'(4)

അദ്ദേഹം ഇങ്ങനെയും പറഞ്ഞു: 'സത്യം ഉൾക്കൊള്ളാനും അസത്യത്തെ മനസ്സിലാക്കാനും നിഷേധിക്കുവാനും; മനുഷ്യന് അനുയോജ്യമായതും പ്രയോജനകരമായതും തിരിച്ചറിയുവാനും അതിനെ സ്നേഹിക്കുവാനും; അവന് വിരുദ്ധവും ദോഷകരവുമായ കാര്യങ്ങളോട് സ്വാഭാവികമായ എതിർപ്പ് പുലർത്തുന്നമായ പ്രകൃതിയിലാണ് ദൈവം തന്റെ ദാസന്മാരെ സൃഷ്ടിച്ചത്.' (5)

ഏതാണോ യഥാർഥത്തിൽ നിലനിൽക്കുന്നത് അതിനെ മനുഷ്യപ്രകൃതി സത്യപ്പെടുത്തുകയും ഏതാണോ യഥാർഥത്തിൽ പ്രയോജനപ്രദമായത് അതിനെ തിരിച്ചറിയുകയും ഇഷ്ടപ്പെടുകയും സ്വീകരിക്കുകയും ചെയ്യുന്നുവോ അതാണ് നന്മ. എന്നാൽ യഥാർഥമല്ലാത്തതും അസത്യവുമായതുമായതിനെ മനുഷ്യപ്രകൃതി വെറുക്കുകയും നിരസിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: 'അദ്ദേഹം (പ്രവാചകൻ) അവരോട് നന്മ കൽപിക്കുകയും അവരോട് തിന്മ വിലയ്ക്കുകയും ചെയ്യുന്നു' (7:157).

സത്യത്തെ മനസ്സിലാക്കുകയും ലക്ഷ്യം വയ്ക്കുകയും സ്നേഹിക്കുകയും ചെയ്യുക എന്നുള്ളത് മനുഷ്യമനസ്സിൽ വേരുറച്ചതാണ് എന്നുള്ളതിന് മതപരമായ തെളിവുകളുടെ പിൻബലമുള്ള കാര്യമാണ്. അല്ലാഹു പറയുന്നു: 'എന്നാൽ ഒരാൾ തന്റെ രക്ഷിതാവിങ്കൽനിന്ന് ലഭിച്ച വ്യക്തമായ തെളിവിനെ അവലംബിക്കുന്നു. അവങ്കൽനിന്നുള്ള ഒരു സാക്ഷി അതിനെ തുടർന്ന് വരുകയും ചെയ്യുന്നു" (11:17). വ്യക്തമായ തെളിവ് എന്നുവെച്ചാൽ അല്ലാഹു അവതരിപ്പിച്ച ദിവ്യ സന്ദേശമാകുന്നു. എന്നാൽ സാക്ഷി എന്നതുകൊണ്ട് ഉദ്ദേശ്യം ചൊവ്വായ മനുഷ്യപ്രകൃതിയും സുവ്യക്തമായ മനുഷ്യ ബുദ്ധിയുമാകുന്നു'(6)

അല്ലാമാ അബ്ദുറഹ്മാൻ അസ്സഅദി പറഞ്ഞ: 'ശരി മനസ്സിലാക്കുകയും അത് പ്രവർത്തിക്കുകയും, എല്ലാ കാര്യത്തിലും സത്യം എന്താണെന്ന് തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നു

ള്ള യുക്തിയുടെ മതമാണ് നമ്മുടെത്.’[7]

മനുഷ്യമനസ്സുകൾ ശുദ്ധപ്രകൃതിയിൽ നിലനിൽക്കുകയാണെങ്കിൽ സത്യത്തെയല്ലാതെ അന്വേഷിക്കുകയില്ല. സത്യം വ്യക്തവും ഒരിക്കലും നിഗൂഢത ഇല്ലാത്തതുമാണ്

മുആദ് ഇബ്നു ജബൽ(റ) പറഞ്ഞു: ‘തീർച്ചയായും സത്യത്തിനുമേൽ പ്രകാശം ഉണ്ടായിരിക്കും.’[8]

ഒരു യഹൂദിയായിരിക്കെ അബ്ദുല്ലാഹിബ്നു സലാം(റ), ഹിജ്റ ചെയ്തു മദീനയിലെത്തിയ പ്രവാചകനെ(സ്വ) കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുഖം സത്യസന്ധത തുടിക്കുന്നതാണെന്ന് മനസ്സിലാക്കി. അബ്ദുല്ലാഹിബ്നു സലാം(റ) പറയുന്നു: ‘പ്രവാചകൻ(സ്വ) മദീനയിൽ വന്നപ്പോൾ അദ്ദേഹത്തെ കാണുന്നതിനുവേണ്ടി ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ അടുക്കലേക്ക് ധൃതിയിൽ പോയി. ഞാനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന് മുഖം ദർശിക്കാൻ സാധിച്ച മാത്രയിൽ ആ മുഖം ഒരിക്കലും ഒരു കള്ളം പറയുന്നവന്റേതല്ല എന്ന് എനിക്ക് വ്യക്തമായി. എനിക്ക് ആദ്യമായി അദ്ദേഹത്തിൽനിന്ന് കേൾക്കാൻ കഴിഞ്ഞ വചനം ഇതായിരുന്നു: ‘നിങ്ങൾ സലാം വ്യാപിപ്പിക്കുകയും ഭക്ഷണം മറ്റുള്ളവർക്ക് നൽകുകയും കുടുംബബന്ധം ചേർക്കുകയും ജനങ്ങൾ ഉറങ്ങുന്ന വേളയിൽ നമസ്കരിക്കുകയും ചെയ്യുക. എങ്കിൽ സമാധാനത്തോടെ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാം.’[9]

പ്രതാപവാനായ അല്ലാഹുവിന്റെ യുക്തിയാണ് അവൻ ഉദ്ദേ

**അതുകൊണ്ട് ഒരു അടിമ തന്റെ സഹജ ഗുണത്തെ നിർബന്ധമായും സ്വീകരിക്കുകയും സത്യത്തിൽ നിന്ന് തന്നെ തടയുകയും തെറ്റിക്കുകയും ചെയ്യുന്ന എല്ലാ കാരണങ്ങളെയും കുറിച്ച് ജാഗ്രത കൈക്കൊള്ളുകയും ചെയ്യുക എന്നുള്ളത് നിർബന്ധമാണ്. അഥവാ ഇനി അവനെ വല്ലതും തെറ്റിച്ചാൽ തന്നെ സത്യത്തിലേക്ക് തിരിച്ചുവരികയും അത് സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.**

ശിക്കുന്നവർ വഴികേടിലാകുന്നതും അവന്റെ ഉദ്ദേശ്യത്താൽ നേർവഴിയിലാകുന്നതും. എന്നാൽ അതോടൊപ്പം തന്നെ സൃഷ്ടികൾക്ക് വേണ്ടി തെളിവ് ഇവിടെ നിലനിർത്തുകയും പ്രവാചകന്മാരെ അയക്കുകയും സത്യം വിജയിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് ഒരു അടിമ തന്റെ സഹജ ഗുണത്തെ നിർബന്ധമായും സ്വീകരിക്കുകയും സത്യത്തിൽ നിന്ന് തന്നെ തടയുകയും തെറ്റിക്കുകയും ചെയ്യുന്ന എല്ലാ കാരണങ്ങളെയും കുറിച്ച് ജാഗ്രത കൈക്കൊള്ളുകയും ചെയ്യുക എന്നുള്ളത് നിർബന്ധമാണ്. അഥവാ ഇനി അവനെ വല്ലതും തെറ്റിച്ചാൽ തന്നെ സത്യത്തിലേക്ക് തിരിച്ചുവരികയും അത് സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ ഒരു അടിമ സത്യത്തെ സ്നേഹിക്കുകയും ചെയ്യുക എന്നുള്ളത് ഒരു അടിമക്ക് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന മഹത്തായ അനുഗ്രഹത്തിൽ പെട്ടതാണ്.

അബു മുഹമ്മദ് ഇബ്നു ഹസം പറഞ്ഞിരിക്കുന്നു: ‘ദൈവം ഒരു അടിമയ്ക്ക് നൽകിയ അനുഗ്രഹങ്ങളിൽ ഏറ്റവും മികച്ചത്, അവൻ അവന്റെ മേൽ നീതിയും സ്നേഹവും സത്യവും അതിനോടുള്ള ഇഷ്ടവും അവന്റെ പ്രകൃതിയിൽ ഊട്ടിയുറപ്പിച്ചു കൊടുക്കുന്നു എന്നതാണ്.’[10]

ഇബ്നുൽ ഖയ്യിം(റഹി) പറഞ്ഞു: “മനുഷ്യന്റെ പൂർണത രണ്ട് തത്ത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്: അസത്യത്തിൽ നിന്ന് സത്യത്തെ അറിയുക, അതിന് മുൻഗണന നൽകുക. ഈ രണ്ട് കാര്യങ്ങളിലും സൃഷ്ടികളുടെ സ്ഥാനം വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ലാതെ ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ അടുക്കലും അവരുടെ സ്ഥാനം വ്യത്യാസപ്പെടുകയില്ല. അവന്റെ പ്രവാചകന്മാരെ അല്ലാഹു പുകഴ്ത്തിയ രണ്ട് കാര്യങ്ങളാണിവ: ‘കൈക്കരുത്തും കാഴ്ചപ്പാടുകളും ഉള്ളവരായിരുന്ന നമ്മുടെ ദാസൻമാരായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരെയും ഓർക്കുക.’ അപ്പോൾ ‘കൈകൾ’ എന്നാൽ സത്യം നടപ്പിലാക്കാൻ കഴിയുന്ന ശക്തമായവ എന്നർഥം. ‘കാഴ്ചപ്പാടുകൾ’ എന്നാൽ മതപരമായ കാര്യങ്ങളിലുള്ള കാഴ്ചപ്പാടുകൾ എന്നാണർഥം. അപ്പോൾ സത്യം പൂർണമായി മനസ്സിലാക്കാനും അത് നടപ്പിൽ വരുത്തുവാനും കഴിവുള്ളവരായി അല്ലാഹു അവരെ വിശേഷിപ്പിച്ചു.”[11]

*കൈകൾ:* അവകാശം നടപ്പിലാക്കുന്നതിൽ ശക്തൻ.

*കാഴ്ചകൾ:* മതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ. അതിനാൽ സത്യ

ത്തെക്കുറിച്ചുള്ള പൂർണമായ ഗ്രാഹ്യവും അതിന്റെ പൂർണമായ നടപ്പാക്കലും ഉള്ളവരായി അവൻ അവയെ വിശേഷിപ്പിച്ചു.

സത്യത്തോട് ഒട്ടിച്ചേർന്നു നിൽക്കാനുള്ള ഒരു കാരണം, അതിൽനിന്ന് ഒരാളെ പിന്തിരിപ്പിക്കുന്ന കാര്യങ്ങൾ എന്താണെന്ന് അറിയുക എന്നതാണ്. സത്യത്തിൽ നിന്ന് പിന്തിരിപ്പിക്കുന്ന ചില കാര്യങ്ങളാണ് ഇവിടെ വിശദമാക്കുന്നത്. അവ അറിയുകയും ഒഴിവാക്കുകയും വേണം. സത്യത്തിന്റെ ആളുകളിലും അതിന്റെ വക്താക്കളിലും നമ്മെ ഉൾപ്പെടുത്താനും വഴിതെറ്റലിന്റെയും മാർഗഭ്രംശത്തിന്റെയും കാരണങ്ങളിൽനിന്നും വഴികളിൽ നിന്നും നമ്മെ അകറ്റിനിറുത്താനും ഞാൻ സർവശക്തനായ അല്ലാഹുവോട് അപേക്ഷിക്കുന്നു.

സത്യത്തിലേക്ക് എത്തിച്ചേരുന്നതിനുള്ള ഈ തടസ്സങ്ങളുടെ ആകെത്തുക ദുരുദ്ദേശ്യം, അജ്ഞത, അനീതി, ശരിയായ മാർഗദർശനത്തിന്റെ അഭാവത്തിൽനിന്നുണ്ടാകുന്ന മോശം പെരുമാറ്റം എന്നിവയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അല്ലാഹുവിന്നാണ് ഏറ്റവും നന്നായി അറിയാവുന്നത്.


*അവലംബം:*

1. *മജ്മൂഉൽ ഫതാവാ 10/88.*
2. *മജ്മൂഉൽ ഫതാവാ 16/338.*
3. *മുസ്‌ലിം 4/1980, നമ്പർ 2553.*
4. *ദർഉ തആറുദുൽ അക്ൽ വ നക്ൽ 3/463.*
5. *ദർഉ തആറുദുൽ അക്ൽ വ നക്ൽ 3/463.*
6. *തൈസീറുൽ കരീമിർറഹ്മാൻ, പേജ് 379.*
7. *തൈസീറുല്ലത്വീഫിൽ മന്നാൻ, പേജ് 50.*
8. *ഹാകിം, അൽ മുസ്തദ്റക് 4/460.*
9. *അഹ്മദ്, അൽമുസ്നദ് 5/451, തിർമുദി 5/652, നമ്പർ 485.*
10. *മുദാവതുന്നുഫൂസ്, പേജ്:31.*
11. *അൽജവാബുൽ കാഫി, പേജ് 139.*




കവിത

# വേനൽച്ചൂട്


## ശാനിദ ബിൻത് അഹ്മദ്
ഈങ്ങാപ്പുഴ


കത്തുന്ന സൂര്യന്റെ തീക്ഷ്ണമാം ചൂടിൽ
അസഹ്യത കാട്ടുന്നവർ, ആ ചൂടിൻ കഠിനത
നരകത്തിൻ നിശ്വാസമെന്ന് മനസ്സിലാക്കുന്നില്ല.
ഫാനിന്റെ ചുവട്ടിലും വിയർത്തു കുളിക്കുമ്പോൾ
ആറടി മണ്ണിലെ ജീവിതം എങ്ങനെയാകുമെന്ന്
ചിന്തിക്കുന്നേയില്ല.
വിയർപ്പിൽ മുങ്ങിനിൽക്കുന്ന മഹ്ശറയിലെ
വേവും നോവും ഓർക്കുന്നേയില്ല.
വേനലിനുശേഷം മഴ കോരിച്ചൊരിയുമ്പോൾ
വരണ്ട ഭൂമിയിൽ പുതുനാമ്പുകൾ മുളക്കും പോൽ
സ്രഷ്ടാവിൻ വചനമഴയിൽ നിൻ മനസ്സിൽ
സത്യവിശ്വാസത്തിൻ നാമ്പുകൾ തളിർക്കട്ടെ,
അന്തിമദൂതന്റെ വഴിയിൽ ചരിക്കാൻ കഴിയട്ടെ.



# ക്ഷമയിലെ നന്മ 7

നസീമ വാടാനപ്പള്ളി

അല്ലാഹുവിന്റെ പരീക്ഷണങ്ങളിലുള്ള ക്ഷമയുമായി ബന്ധപ്പെട്ട് നാല് കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്:

ഒന്ന്) അല്ലാഹു നമുക്ക് എന്തു വിധിച്ചിട്ടുണ്ടെങ്കിലും അത് അവന്റെ തീരുമാനമാണ്: അത് അവൻ നടപ്പിലാക്കും. അതിന് അവന് അധികാരമുണ്ട്. അത് ലൗഹുൽ മഹ്ഫൂദ്വിൽ രേഖപ്പെടുത്തിയതുമാണ്. ഇക്കാര്യങ്ങൾ നാം ഉറച്ച് വിശ്വസിക്കണം. അല്ലാഹു പറയുന്നു:

"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പു തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയാ യും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്) നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല" (57:22,23).

ഈ വിശ്വാസമുള്ളവർ എന്ത് പരീക്ഷണം വന്നാലും അസ്വസ്ഥരാവുകയില്ല. അല്ലാഹു നമ്മെ ഏൽപിച്ച കാര്യങ്ങൾ നാം ഭംഗിയായി ചെയ്യുക. അവന്റെ വിധിയിൽ തൃപ്തിയടയുക. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'വിധിയെന്നത് അല്ലാഹുവിന്റെ രഹസ്യമാകുന്നു.'

രണ്ട്) ക്ഷമയിലൂടെ നമുക്ക് ലഭിക്കുന്ന വമ്പിച്ച പ്രതിഫലത്തെ കുറിച്ച് ചിന്തിക്കുക: സ്നേഹിക്കാനും സംരക്ഷിക്കാനും തന്റെ റബ്ബ് ഉണ്ടെന്നതിനെക്കാൾ സന്തോഷവും സമാധാനവും നൽകുന്ന മറ്റെന്തു കാര്യമാണുള്ളത്?

പരിശുദ്ധ ക്വുർആനിൽ ക്ഷമയുടെ മഹത്ത്വവും പ്രാധാന്യവും വ്യക്തമാക്കുന്ന നിരവധി സൂക്തങ്ങൾ കാണുവാൻ സാധിക്കും.

"തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ക്ഷമ കൈക്കൊള്ളുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും, തിന്മയെ നന്മകൊണ്ട് തടുക്കുകയും ചെയ്യുന്നവർ. അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിന്റെ പര്യവസാനം. അതായത്, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും, അവരുടെ പിതാക്കളിൽനിന്നും ഇണകളിൽനിന്നും സന്തതികളിൽനിന്നും സദ്വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ട് പറയും: 'നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം! അപ്പോൾ ലോകത്തിന്റെ പര്യവസാനം എത്ര നല്ലത്!" (13:22-24).

"...നിങ്ങൾ ക്ഷമിക്കുക. തീർ

ച്ചയായും അല്ലാഹു ക്ഷമാശീല രുടെ കൂടെയാകുന്നു" (8:46).

"...ക്ഷമ കൈക്കൊണ്ടവർക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം നാം നൽകുക തന്നെ ചെയ്യും" (16:96).

'പരീക്ഷണങ്ങൾ എത്രത്തോളമുണ്ടോ അത്രത്തോളം പ്രതിഫലവും മഹത്ത്വമുള്ളതായിരിക്കും' എന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്.

മൂന്ന്) ഏതൊരു പരീക്ഷണത്തിലും ഗുണം പ്രതീക്ഷിക്കുന്നവരായിരിക്കണം വിശ്വാസികൾ. കാരണം പരിശുദ്ധ ഖുർആൻ പറയുന്നു: "എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും. തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും" (94:5,6).

ഒരിക്കൽ നബി(സ്വ) ചിരിച്ചുകൊണ്ട് സ്വഹാബത്തിന്റെ അടുത്തേക്ക് ചെന്നു. അവർ ചോദിച്ചു: 'എന്താണ് റസൂലേ, അങ്ങ് ചിരിക്കുന്നത്?' അവിടുന്ന് മറുപടി പറഞ്ഞു: 'അൽഹംദുലില്ലാഹ്! ഒരു പ്രയാസത്തിന് രണ്ട് എളുപ്പം അല്ലാഹു നൽകിയിരിക്കുന്നു.' ശേഷം അവിടുന്ന് മുകളിലുദ്ധരിച്ച ഖുർആൻ സൂക്തങ്ങൾ (94:5,6) ഓതിക്കേൾപിച്ചു.

ഇവിടെ പ്രയാസം എന്നത് 'അൽ' ചേർത്തും എളുപ്പം എന്നത് 'അൽ' ചേർക്കാതെയുമാണ് പ്രയോഗിച്ചിട്ടുള്ളത്. ഒരു പ്രയാസത്തിന് രണ്ട് എളുപ്പമുണ്ടെന്ന് ഇത് അറിയിക്കുന്നു എന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ വിശദീകരിച്ചതായി കാണാൻ കഴിയും.

ഒരിക്കൽ ഇബ്നു അബ്ബാസ്(റ)വിനെ വിളിച്ചുകൊണ്ട് റസൂൽ(സ്വ) ഉപദേശിക്കവെ ഇങ്ങനെ പറഞ്ഞു: '...നിശ്ചയമായും വിജയമെന്നത് ക്ഷമയോടൊപ്പമാണെന്ന് നീ അറിയേണ്ടതുണ്ട്. നിശ്ചയമായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ട്.'

നാല്) അല്ലാഹുവിന്റെ അനുഗ്രഹത്തെക്കുറിച്ച് ധാരാളമായി ഓർക്കുക. ധാരാളമായി കിട്ടിയ അനുഗ്രഹങ്ങളെ ഓർക്കാതെ ഇല്ലായ്മയിൽ പരിതപിക്കുന്നവരാണ് പൊതുവെ മനുഷ്യർ. ഈ സ്വഭാവം സ്ത്രീകൾക്കിടയിലാണ് കൂടുതലായി കാണുന്നത്. പരസ്പരം കണ്ടുമുട്ടി വിശേഷങ്ങൾ അന്വേഷിക്കുമ്പോൾ 'അൽഹംദുലില്ലാഹ്' എന്ന് പറയുമെങ്കിലും തൊട്ടടനെ വാചാലമാകുന്നത് ഇല്ലായ്മകളെയും വല്ലായ്മകളെയും കുറിച്ചായിരിക്കും. ഇത് ക്ഷമകേടാണ് എന്നതിൽ തർക്കമില്ല. സഹോദരിമാരേ, നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ ഒന്ന് എണ്ണിനോക്കുക. അല്ലെങ്കിൽ കടലാസിലൊന്ന് എഴുതിത്തുടങ്ങുക. അപ്പോൾ മനസ്സിലാകും അല്ലാഹു ചൊരിഞ്ഞുതന്ന അനുഗ്രഹങ്ങളുടെ ആധിക്യവും പ്രയാസങ്ങളുടെ കുറവും.

ഒരിക്കൽ വാട്സാപ്പിൽ വന്ന ഒരു മെസ്സേജ് വായിച്ചത് ഓർമവരികയാണ്. ഉമിനീർ ഗ്രന്ഥിക്ക് ക്യാൻസർ ബാധിച്ച് അത് റിമൂവ് ചെയ്യേണ്ടിവന്ന ഒരു സഹോദരിയുടെ അവസ്ഥയായിരുന്നു അത്. ഓരോ തവണ സംസാരിക്കാനും ഓരോ കവിൾ വെള്ളം കുടിക്കേണ്ട അവസ്ഥയാണ് അവർക്കുള്ളത്. അല്ലാത്തപക്ഷം നാവു പൊട്ടി ചോര വരും! അത് വായിച്ചപ്പോൾ ആവശ്യത്തിനും അനാവശ്യത്തിനും നമ്മൾ യഥേഷ്ടം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സംസാരമാകുന്ന അനുഗ്രഹത്തെക്കുറിച്ച് ചിന്തിച്ചുപോയി.

ചിന്താശേഷി, ബുദ്ധിശക്തി, കാഴ്ച, കേൾവി എന്നിങ്ങനെ ബാഹ്യവും ആന്തരികവുമായ എത്രയെത്ര അനുഗ്രഹങ്ങൾ! മൂത്രം പിടിച്ചുവെക്കാൻ പറ്റാത്ത അവസ്ഥയെയും മൂത്രമൊഴിക്കാൻ പറ്റാത്ത അവസ്ഥയെയും കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അങ്ങനെയുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ജീവിതം എത്ര പ്രയാസകരമായിരിക്കും!

സഹോദരിമാരേ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണിക്കണക്കാക്കാൻ തുടങ്ങിയാൽ നിങ്ങൾക്ക് അതിന് സാധിക്കുകയില്ല എന്ന ഖുർആൻ വചനം സ്മരണീയമാണ്. നമ്മുടെ ജീവിതത്തിലെ ഓരോ ഇടപെടലിലും ക്ഷമകേട് വരുന്നുണ്ടോ എന്ന് നാം പരിശോധിക്കേണ്ടതുണ്ട്.

സ്ത്രീകൾ എന്ന നിലയ്ക്ക് പലർക്കും പ്രയാസം ഉണ്ടാക്കുന്ന ഒരു ജോലിയാണല്ലോ പാത്രങ്ങൾ കഴുകുക എന്നത്. കഴുകുവാൻ ഒരുപാട് പാത്രങ്ങൾ ഉണ്ടായത് എന്തുകൊണ്ട് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഒരുപാട് വിഭവങ്ങൾ ഒരുക്കിയതിനാൽ, അതിനുള്ള സാധനങ്ങളും സംവിധാനങ്ങളും നമുക്ക് ലഭിച്ചതിനാൽ, പാചകം ചെയ്യാനുള്ള കഴിവും ആരോഗ്യവും റബ്ബ് തന്നതിനാൽ, ഉണ്ടാക്കിയ ഭക്ഷണം പ്രയാസമില്ലാതെ കഴിക്കാൻ കഴിഞ്ഞതിനാൽ... അങ്ങനെ കുറെ അനുഗ്രഹങ്ങളാൽ നമ്മൾ ഭക്ഷണമുണ്ടാക്കി, വിളമ്പി കുടുംബസമേതം കഴിച്ചു. എന്നിട്ട് അവസാനം പാത്രം കഴുകുന്ന സമയത്ത് നമുക്ക് ക്ഷമകേടാണ്. ആരു കഴുകും എന്നതിൽ തർക്കമാണ്! ശരിയല്ലേ? വീടകത്തെ ഒരു ഉദാഹരണം എടുത്തു പറഞ്ഞു എന്നു മാത്രം. ■




# ഐഹിക ജീവിതവും വഞ്ചകനായ പിശാചും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്
: 00968-98242217

മനുഷ്യൻ എപ്പോഴും തിരക്കിലാണ്. സമ്പാദിക്കണം, വീടു നിർമിക്കണം, ഉയരങ്ങൾ കീഴടക്കണം... ഈ ഓട്ടത്തിനിടയിൽ പലപ്പോഴും അവൻ ഏറ്റവും വലിയൊരു സത്യം മറന്നുപോകുന്നു; ഈ ഓട്ടം ഒരുനാൾ അവസാനിക്കുമെന്നുംനാം നേടിയതൊന്നും കൂടെ കൊണ്ടുപോകാനാവില്ലെന്നുമുള്ള സത്യം.

ഭൗതിക സൗകര്യങ്ങളുടെ തിളക്കത്തിൽ കണ്ണ് മഞ്ഞളിച്ചു പോയ മനുഷ്യരോട്, 'നിൽക്കൂ, നിങ്ങൾ വഞ്ചിതരാകരുത്' എന്ന് സ്രഷ്ടാവ് വിളിച്ചു പറയുന്നതാണ് സൂറത്തുൽ ഫാത്വിറിലെ അഞ്ചാം വചനം.

മനുഷ്യജീവിതത്തിന്റെ ഉത്ഭവം, വൈവിധ്യം, ദൈവഭയം എന്നിവയെക്കുറിച്ച് മുൻ ഭാഗങ്ങളിൽ നാം ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ തുടർച്ചയായി, ക്വുർആൻ മനുഷ്യരെ ഐഹിക ജീവിതത്തിന്റെ നൈമിഷികതയെ കുറിച്ചും വഞ്ചകനായ പിശാചിനെ കുറിച്ചും മുന്നറിയിപ്പ് നൽകുകയാണ് ഈ വചനത്തിലൂടെ. അല്ലാഹുവിന്റെ വാഗ്ദാനം യാഥാർഥ്യമാണെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു. മരണത്തെയും പരലോകത്തെയും കുറിച്ച് മറന്ന്, ഇഹലോകത്തിന് അമിത പ്രാധാന്യം നൽകി ജീവിക്കുന്ന മനുഷ്യർക്കുള്ള ശക്തമായ താക്കീതും ഉപദേശവുമാണിത്.

يَٰٓأَيُّهَا ٱلنَّاسُ إِنَّ وَعْدَ ٱللَّهِ حَقٌّۖ فَلَا تَغُرَّنَّكُمُ ٱلْحَيَوٰةُ ٱلدُّنْيَاۖ وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ

**ഈ ലോകം വെറുക്കപ്പെടേണ്ട ഒരിടമല്ല, മറിച്ച് പരലോകത്തേക്കുള്ള കൃഷിയിടമാണ്. യാത്ര പോകുന്ന ഒരാൾ വിശ്രമിക്കാൻ ഒരിടത്ത് ഇറങ്ങിയാൽ, അവിടെ സ്ഥിരതാമസ സ്ഥലം പണിയാൻ നിൽക്കാതെ യാത്ര തുടരുന്നത് പോലെയാകണം വിശ്വാസിയുടെ ജീവിതം. ഈ ലോകത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താം, പക്ഷേ, അത് നമ്മുടെ ലക്ഷ്യത്തെ (പരലോകം) മറക്കുന്നതാവരുത്. കണ്ണിനു മുന്നിലുള്ള ഈ കാഴ്ചകൾക്കപ്പുറം, വരാനിരിക്കുന്ന അനശ്വരമായ സത്യത്തെ കാണാനുള്ള ഉൾക്കാഴ്ചയാണ് മനുഷ്യന് വേണ്ടത് എന്ന് ചുരുക്കം.**

'ഹേ, മനുഷ്യരേ! നിശ്ചയമായും അല്ലാഹുവിൻെറ വാഗ്ദാനം യഥാർഥമാകുന്നു. അതുകൊണ്ട് ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരുന്നു കൊള്ളട്ടെ. അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാ വഞ്ചകനും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ ' (35: 5).

ഇവിടെ 'വാഗ്ദാനം' (വഅ്ദ്) എന്ന് പറഞ്ഞിരിക്കുന്നത് മരണശേഷമുള്ള ഉയിർത്തെഴുന്നേൽപ്, വിചാരണ, പരലോക ജീവിതം തുടങ്ങിയവയെ കുറിച്ചാണ്. ശാസ്ത്രം എത്ര വളർന്നാലും മനുഷ്യന് നിഷേധിക്കാൻ കഴിയാത്ത സത്യമാണ് മരണം. മരണത്തിനപ്പുറം ഒന്നുമില്ല എന്ന് വിശ്വസിച്ച് ജീവിക്കുന്നവരുണ്ട്. അവരോട് ഖുർആൻ പറയുന്നു; ആ വാഗ്ദാനം സത്യമാണ്. അത് സംഭവിക്കുക തന്നെ ചെയ്യും.

'ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ' എന്ന പ്രയോഗം വളരെ അർഥവത്താണ്. പണവും പ്രതാപവും അധികാരവുമെല്ലാം ശാശ്വതമാണെന്ന മട്ടിൽ അതിനുവേണ്ടി മൽസരിക്കുകയും ധാർമികത കൈവിടുകയും ചെയ്യുന്നവരോട്, ഇതൊക്കെ വെറും അലങ്കാരങ്ങൾ മാത്രമാണെന്നും, യഥാർഥ ജീവിതം വരാനിരിക്കുന്നതേയുള്ളൂ എന്നും ഈ വചനം ഓർമിപ്പിക്കുന്നു. വാഹനം ഓടിക്കുന്നവൻ കാഴ്ചകളിൽ ഭ്രമിച്ച് ഡ്രൈവിംഗിൽ അശ്രദ്ധനായാൽ അപകടം സംഭവിക്കുന്നതു പോലെ, ജീവിതയാത്രയിൽ ഭൗതികതയിൽ മാത്രം ശ്രദ്ധിച്ചാൽ പരലോകം നഷ്ടപ്പെടുമെന്ന മുന്നറിയിപ്പാണിത്.

വഞ്ചകനായ പിശാച് : മറ്റൊരു അപകടം മനുഷ്യനെ വഴിതെറ്റിക്കാൻ കാത്തിരിക്കുന്ന 'അൽഗറൂർ' (പരമവഞ്ചകൻ) ആണ്. അഥവാ പിശാചാണ്. രണ്ട് രീതിയിലാണ് അവൻ മനുഷ്യനെ അല്ലാഹുവിൻെറ കാര്യത്തിൽ വഞ്ചിക്കുന്നത്.

ഒന്ന്: പാപങ്ങളെ മനോഹരമായി തോന്നിപ്പിക്കുക. 'ഇതൊക്കെ എല്ലാവരും ചെയ്യുന്നതല്ലേ, ഇതിലൊന്നും കുഴപ്പമില്ല' എന്ന് തോന്നിപ്പിച്ച് തെറ്റിലേക്ക് നയിക്കുന്നു.

രണ്ട്: അല്ലാഹുവിൻെറ കാരുണ്യത്തെ ദുർവ്യാഖ്യാനം ചെയ്യുക. 'നീ എത്ര തെറ്റ് ചെയ്താലും ദൈവം പൊറുത്തു തരും, അതുകൊണ്ട് ഇപ്പോൾ തെറ്റ് ചെയ്തോളൂ' എന്ന് മന്ത്രിച്ചുകൊണ്ട്, പശ്ചാത്താപം നീട്ടിവെപ്പിച്ച് ഒടുവിൽ പാപിയായി മരിപ്പിക്കാൻ അവൻ ശ്രമിക്കുന്നു. ഈ കെണിയിൽ വീഴരുതെന്ന് ഈ ആയത്ത് പ്രത്യേകം ഉണർത്തുന്നു.

ഈ ലോകം വെറുക്കപ്പെടേണ്ട ഒരിടമല്ല, മറിച്ച് പരലോകത്തേക്കുള്ള കൃഷിയിടമാണ്. യാത്ര പോകുന്ന ഒരാൾ വിശ്രമിക്കാൻ ഒരിടത്ത് ഇറങ്ങിയാൽ, അവിടെ സ്ഥിരതാമസ സ്ഥലം പണിയാൻ നിൽക്കാതെ യാത്ര തുടരുന്നത് പോലെയാകണം വിശ്വാസിയുടെ ജീവിതം. ഈ ലോകത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താം, പക്ഷേ, അത് നമ്മുടെ ലക്ഷ്യത്തെ (പരലോകം) മറക്കുന്നതാവരുത്. കണ്ണിനു മുന്നിലുള്ള ഈ കാഴ്ചകൾക്കപ്പുറം, വരാനിരിക്കുന്ന അനശ്വരമായ സത്യത്തെ കാണാനുള്ള ഉൾക്കാഴ്ചയാണ് മനുഷ്യന് വേണ്ടത് എന്ന് ചുരുക്കം. ■

# പുതുവർഷത്തിലെ പുതുചിന്തകൾ

മുഹാജിർ സ്വലാഹി, എടക്കര
: 9747345746

ഈ പ്രപഞ്ചം സുന്ദരമാണ്, വിശാലമാണ്, സങ്കീർണമാണ്. മനുഷ്യൻ എന്നും പ്രകൃതിയുടെ മുമ്പിൽ അത്ഭുതത്തോടെ നിന്നുപോയിട്ടുണ്ട്. എന്നാൽ, പ്രപഞ്ചത്തിലെ ഏറ്റവും അത്ഭുതപ്പെടുത്തുന്ന യാഥാർഥ്യം എന്താണെന്ന ചോദ്യത്തിന്റെ ഉത്തരം; അത്ഭുതങ്ങളുടെ മുമ്പിൽ നിന്ന് ആശ്ചര്യപ്പെടുന്ന 'മനുഷ്യൻ' തന്നെയാണ്. കാരണം, സ്വതന്ത്രമായ ചിന്താശേഷി നൽകപ്പെട്ടവനാണ് മനുഷ്യൻ. ഇന്നലെകളെക്കുറിച്ച് ചിന്തിച്ച് നാളേക്കു വേണ്ടി ഒരുങ്ങാൻ സാധിക്കുന്ന ഭൂമിയിലെ ഒരേയൊരു വർഗം.

## പുനർ വിചിന്തനം നടത്തുക

ഒരു വിശ്വാസിയെന്ന നിലയ്ക്ക് എന്റെ കഴിഞ്ഞ ഒരു വർഷം ഞാൻ ചെലവഴിച്ചത് എന്തിനുവേണ്ടി എന്നത് തീർച്ചയായും നാം വിലയിരുത്തേണ്ടതുണ്ട്. ഞാൻ എവിടെയൊക്കെയാണ് എന്റെ സമയം കളഞ്ഞത്? എന്റെ കുടുംബത്തിന് ഞാൻ എത്ര സമയം നൽകി? എന്റെ ജോലി ഞാൻ എത്രത്തോളം ഭംഗിയായി നിറവേറ്റി? എന്റെ മക്കളുമായി എന്റെ ബന്ധം എത്രത്തോളം ആഹ്ലാദകരമായിരുന്നു? എന്റെ യാത്രകൾ എങ്ങോട്ടായിരുന്നു? എന്റെ ഉമ്മയും ഉപ്പയും എന്നെക്കുറിച്ച് തൃപ്തിയുള്ളവരായിരുന്നോ? സർവോപരി സ്രഷ്ടാവിനോടുള്ള ബാധ്യത കൃത്യമായി നിറവേറ്റിയിട്ടുണ്ടോ? ഇങ്ങനെയുള്ള തുടർച്ചയായ, തീരാത്ത ചോദ്യങ്ങൾ നമ്മുടെ ഹൃദയത്തിലേക്ക് നാം കൊണ്ടുവരേണ്ടതുണ്ട്.

## മാറ്റത്തിന് സന്നദ്ധമാവുക

നേരത്തെ കണ്ട ചോദ്യങ്ങൾക്കുള്ള ഉത്തരം നമ്മെ സന്തോഷിപ്പിക്കുന്നതും തൃപ്തികരവുമാണെങ്കിൽ നമുക്ക് സമാധാനിക്കാം. അല്ല എങ്കിൽ തീർച്ചയായും നാം മാറാൻ തയ്യാറാകേണ്ടതുണ്ട്. അല്ലാഹു പറയുന്നു:"ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല' (ക്വുർആൻ 13:11).

## കൂടിയാലോചിക്കുക

ഭാവിയെ കുറിച്ച് ചിന്തിക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങളിൽ കൃത്യമായ പ്ലാനിങ് ഉപയോഗ പ്പെടുത്തുകയും ചെയ്യുന്നവനാണ് മനുഷ്യൻ. ഒരു ചെറിയ യാത്രക്ക് ഒരുങ്ങുമ്പോൾ പോലും നമ്മൾ സമയത്തിന് എത്താൻ പറ്റിയ രൂപത്തിൽ പ്ലാൻ ചെയ്യാറുണ്ട്. കഴിഞ്ഞ വർഷം ജീവിതത്തിൽ സംഭവിച്ചുപോയ തെറ്റുകളും പിഴവുകളും ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലും തീരുമാനവും അത്യാവശ്യമാണ്. വീട് വെക്കുന്നവർ, ബിസിനസ് തുടങ്ങുന്നവർ, ജോലിക്ക് വേണ്ടി യാത്ര തിരിക്കുന്നവർ, കല്യാണം കഴിക്കുന്നവർ... അങ്ങനെ പ്രധാനപ്പെട്ട കാര്യങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർ കുടുംബത്തോടൊന്ന് കൂടിയാലോചിക്കുക. മാതാപിതാക്കളെട് അഭിപ്രായമാരായുക. പക്വതയുള്ള മക്കളോട് കാര്യങ്ങൾ അവതരിപ്പിക്കുക. ഒരുപക്ഷേ, അവർക്ക് അഭിപ്രായമൊന്നും പറയാനുണ്ടാകില്ല. നമ്മുടെ തീരുമാനം അപ്പടി അംഗീകരിച്ചേക്കാം. എന്നിരുന്നാലും അവരുടെ അഭിപ്രായമാരായുമ്പോൾ അതവരെ സന്തോഷിപ്പിക്കും. അവരെ പരിരണിക്കുന്നുവെന്ന ചിന്ത ബന്ധങ്ങളെ ഊഷ്മളമാക്കും. ചിന്തിക്കുക നശ്വരമായ ഈ ഭൂമിയിൽ, വളരെ കുറഞ്ഞ ആയുസ്സിന്റെ ഉടമകളാണ് മനുഷ്യർ. നമുക്ക് ലഭിച്ച സമയവും സമ്പത്തും ആരോഗ്യവും ചോദ്യം ചെയ്യപ്പെടുന്ന അനുഗ്രഹങ്ങളാണെന്ന് ഓർക്കുക. ■





Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi


പുറത്തിറങ്ങി
മലയാളത്തിൽ ആദ്യമായി
WISDOM BOOKS
تفسير السعدي
تيسير الكريم الرحمن في تفسير كلام المنان
തഫ്സീർ അസ്സഅദി
മലയാളം
ജുസ്അ് 28-30
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
ഹാരിസ് ബിൻ സലീം
നിങ്ങളുടെ കോപ്പികൾ ഉറപ്പ് വരുത്തുക
₹450
₹370
ലളിതമായ രീതിയിലുള്ള അവതരണം
തഫ്സീർ അസ്സഅദി
[മലയാളം]
ജുസ്അ് 28-30
അബ്ദുറഹ്മാൻ നാസിർ അസ്സഅദി رحمه الله
വിവർത്തനം: ഹാരിസ് ബിൻ സലീം
ORDER NOW
പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു
WISDOM BOOKS
WISDOM BOOKS AND PUBLICATIONS
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com
CONTACT: Mob: +91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
10 January 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM
ISLAMIC ORGANIZATION

VISION 2030
جامعة الهند الإسلامية

جـــامعة الـــهند الإســـلامية
JAMIA AL-HIND AL-ISLAMIYYA

# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

# CONVOCATION 3.0

2026
ഫെബ്രുവരി
6 7 8
വാദീ അൽ ഹിക്മ
മിനിഊട്ടി, മലപ്പുറം



www.jamiaalhind.com | +91 9961 725 725 | info@jamiaalhind.com